# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 39 ലക്കം ജനുവരി 2021 വാർഷിക വരിസംഖ്യ ₹100



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്

കാൽവരിയിലെ സഹനത്തിന്റെ
നടുവിൽപോലും
പ്രത്യാശ കൈവെടിയാതെ
ശാന്തത പാലിച്ച പരിശുദ്ധ അമ്മേ,
ക്ലേശങ്ങളും വേദനകളും നിറഞ്ഞ
ഞങ്ങളുടെ ജീവിതത്തെ
വിശ്വാസത്തോടെ നേരിടുവാനുള്ള
കൃപ ലഭിക്കാനായി
ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.



**വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ**

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 39 നോമ്പു ലക്കം ജനുവരി 2021

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**മെർലിറ്റ് അഞ്ചാനിക്കൽ എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481–2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- കുരിശു പൂക്കുന്ന കാലം 5
- സഭാജീവിതം: മിശിഹായിലുള്ള ജീവിതം 7
- അനുതാപമോടെ 9
- കർത്താവിനുപോലും ഒരു ശിമയോനുണ്ടായിരുന്നു 10
- വെറൈറ്റി ഇല്ലാത്ത മരണം 12
- പിതൃഹൃദയത്തോടെ 14
- ദൈവം തൊട്ട ഹൃദയമുണ്ടാകട്ടെ 16
- പ്രലോഭനം 18
- ഏവരും സോദരർ 20
- അഹറോൻ 22
- സെനക്കിൾ തരംഗം 25
- അപരാധങ്ങൾ നീക്കണമേ 26
- അയ്യോ, കുരിശ്! 30
- ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ 32
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ

# നീ ദൈവപുത്രനാണോ?

**ഈ**ശോയുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഓർമ്മയാചരിക്കുന്നതിനൊരുക്കമായുള്ള നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും നാളുകളിലേക്ക് നാം പ്രവേശിക്കുകയാണ്. ഈശോയുടെ മരുഭൂമിയിലെ പരീക്ഷയെക്കുറിച്ചുള്ള വിചിന്തനങ്ങളാണ് നോമ്പിന്റെ തുടക്കത്തിൽ തിരുസ്സഭാമാതാവ് നമുക്കു നല്കുന്നത്.

“നീ ദൈവപുത്രനാണെങ്കിൽ” (മത്താ 4,3.6) എന്ന വെല്ലുവിളി ഉയർത്തിക്കൊണ്ടാണ് പിശാച് ഈശോയെ പരീക്ഷിക്കുന്നത്. ഈശോയുടെ ഈലോക ജീവിതകാലമത്രയും ഇത്തരം പ്രലോഭനങ്ങൾ തുടർന്നിരുന്നു എന്ന് തിരുവചനം വ്യക്തമാക്കുന്നുണ്ട് (ലൂക്കാ 4,13). അവസാനം കുരിശിലും ഈ പ്രലോഭനം തുടരുന്നു: “അതിലെ കടന്നുപോയവർ തല കുലുക്കിക്കൊണ്ട് അവനെ ദുഷിച്ചു പറഞ്ഞു: ... നീ ദൈവപുത്രനാണെങ്കിൽ കുരിശിൽനിന്നിറങ്ങി വരുക” (മത്താ 27,40).



ദൈവപുത്രനായ ഈശോയ്ക്ക് പരീക്ഷണങ്ങൾ ഉണ്ടായെങ്കിൽ പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ മാമ്മോദീസാ സ്വീകരിച്ച് ദൈവപുത്രരായിത്തീർന്ന നമുക്കും പ്രലോഭനങ്ങളുണ്ടാവുക സ്വാഭാവികമാണ്. പ്രലോഭനങ്ങളെല്ലാം നമ്മുടെ ദൈവപുത്രത്വത്തിനെതിരെയുള്ള വെല്ലുവിളികളാണ്; ദൈവസ്നേഹത്തിനെതിരേ ഈലോകസ്നേഹങ്ങളുയർത്തുന്ന പരീക്ഷണങ്ങളാണ്. “എന്തെന്നാൽ, ജഡത്തിന്റ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിന്റേതല്ല; പ്രത്യുത, ലോകത്തിന്റേതാണ്” (1 യോഹ 2,16). മരുഭൂമിയിലെ പരീക്ഷയിൽ ഈശോയ്ക്കുണ്ടായ മൂന്നു പ്രലോഭനങ്ങൾ, നമുക്കുണ്ടാകാവുന്ന ഈ മൂന്നുവിധമുള്ള പ്രലോഭനങ്ങളിലേക്ക് വിരൽചൂണ്ടുന്നവയാണ്. ഇതുപോലെ വ്യക്തിപരമായ ജീവിതപ്രശ്നങ്ങൾമാത്രമല്ല, സഭയിലും സമൂഹത്തിലും സമുദായത്തിലുമുണ്ടാകുന്ന സംഭവങ്ങളും, അതിനോടൊക്കെ വ്യക്തികളും മാധ്യമങ്ങളുമൊക്കെ സ്വീകരിക്കുന്ന നിലപാടുകളുമെല്ലാം നമുക്കു പരീക്ഷണങ്ങളും സഹനങ്ങളുമായി മാറാം. ഈശോ പ്രലോഭനങ്ങളെ നേരിട്ടതുപോലെ, നമുക്കു മുമ്പിലുയരുന്ന പ്രലോഭനങ്ങളെ തിരിച്ചറിയുവാനും അവയെ നേരിടുവാനും നമുക്കു സാധിക്കണം. ഈശോ ദൈവപിതാവിനോടുകൂടെയായിരുന്നു; വചനമായിരുന്നു അവിടുത്തെ ആയുധം.

ഈശോയുടെ ദൈവപുത്രത്വത്തെ മരിക്കുവോളം വെല്ലുവിളിച്ചവർ, പക്ഷേ, ഈശോയുടെ മരണം കണ്ടപ്പോൾ സാക്ഷ്യപ്പെടുത്തി: “ഇവൻ സത്യമായും ദൈവപുത്രനായിരുന്നു”! (മത്താ 27,54). തിന്മയ്ക്കു താല്ക്കാലികമായ നേട്ടമുണ്ടായാലും അന്തിമവിജയം നന്മയ്ക്കാണെന്ന ഉറച്ചവിശ്വാസത്തോടെ ദൈവപുത്രത്വത്തിനെതിരെയുള്ള പ്രലോഭനങ്ങളെ വിജയിച്ചു മുന്നേറുവാൻ ഈ നോമ്പുകാലം നമുക്കു കരുത്തേകട്ടെ.

ചീഫ് എഡിറ്റർ

# കുരിശുപൂക്കുന്ന കാലം



**റവ. ഫാ. ജോർജ് അമ്പഴത്തുങ്കൽ**
**പാലാ രൂപത**

**നോ**മ്പിന് ഇംഗ്ലീഷിൽ lent എന്നാണ് പറയുന്നത്. Lenten എന്ന വാക്കിൽനിന്നാണ് അത് ഉത്ഭവിക്കുന്നത്. മൂലാർത്ഥത്തിൽ spring season എന്ന് വിവക്ഷ (Concise Oxford English Dictionary). ഭൂമിയിൽ വിത്തുകൾ മുളയ്ക്കുന്ന കാലം. പൂമൊട്ടുകൾ ഉണരുന്നു. എങ്ങും പുതുജീവന്റെ തുടിപ്പുകൾ.


ഈ അർത്ഥത്തിൽ ആത്മാവിന് പുതുജീവൻ കിട്ടുന്ന കാലമാണ് നോമ്പുകാലം. പുതിയ ഉൾക്കാഴ്ചയും ഉത്തേജനവും ലഭിക്കുന്ന കാലം. പുഷ്പങ്ങൾ വിരിയുന്നതിന്റെ, ഫലങ്ങൾ ചൂടുന്നതിന്റെ തുടക്കം. നോമ്പിന്റെ ഈ ഭാവാത്മകമാനത്തെ നാം ഉയർത്തിപ്പിടിക്കേണ്ടതുണ്ട്. ആത്മീയ ഉണർവിന് എപ്പോഴും ദൈവവചനം തന്നെയാണ് ഏറ്റവും നല്ല ഉത്തേജകം. വചനധ്യാനം ക്രൈസ്തവജീവിതത്തിന്റെ ഭാഗമായിത്തീരണം എന്ന് ധ്യാനഗുരുക്കന്മാർ എപ്പോഴും ഓർമ്മിപ്പിക്കാറുണ്ടല്ലോ. വചനത്തെ വർത്തമാനകാലത്തിൽ വായിക്കുമ്പോഴാണ് അത് ജീവിതബന്ധിയാകുന്നത്. ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പ ഒരു നോമ്പുകാല

സന്ദേശത്തിൽ ഹെബ്രായർ 10,24 ഉദ്ധരിച്ചുകൊണ്ടു പറഞ്ഞു: സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കാൻ എങ്ങനെ കഴിയുമെന്ന് ഈ നോമ്പുകാലത്ത് നമുക്ക് പര്യാലോചിക്കാം. വൈയക്തിക വിശുദ്ധിയെക്കാൾ പാരസ്പര്യമുള്ള ഒരു ജീവിതം നയിക്കാനും ധ്യാനിക്കാനുമുള്ള അവസരമാണിത്. അങ്ങനെയുള്ള ഒരു മനോഭാവത്തിന് വസന്തത്തെ സൃഷ്ടിക്കാൻ കഴിയും.

ഇസ്രയേൽക്കാരുടെ നാല്പതുവർഷത്തെ മരുഭൂമിവാസവും യാത്രയും, മോശയുടെ നാല്പതുദിവസത്തെ ഉപവാസവും നിനിവേക്കാരുടെ നാല്പതുദിവസത്തെ ഉപവാസവും ഏലിയാ പ്രവാചകന്റെ ഉപവാസവും ഈശോയുടെ മരുഭൂമിവാസവുമെല്ലാം ഈ നോമ്പിന്റെ പശ്ചാത്തലമായിട്ടുണ്ട് (ഞായറാഴ്ചകൾ ഉപവാസത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല). പുതിയ ഒരു ലോകത്തിലേക്കാണ് ഇവർ നമ്മെ നയിക്കുന്നത്. ഒരു വസന്തത്തെ അവർ സൃഷ്ടിക്കുന്നു.

കഴിഞ്ഞ വർഷത്തെപ്പോലെതന്നെ ഈ വർഷവും നോമ്പുകാലവും കോവിഡ് കാലവും ഒന്നിച്ചുപോകുന്നു. ആത്മീയതയുടെ ബാഹ്യപ്രകടനങ്ങളൊക്കെ മാറ്റി പുതിയ ആത്മീയതയെക്കുറിച്ച് ധ്യാനിക്കാനും പരിശീലിക്കാനുമുള്ള അവസരമാണിപ്പോഴും...

വചനഭാഗത്തെക്കുറിച്ചുള്ള ധ്യാനചിന്തകൾ വസന്തപുഷ്പങ്ങളായി വിരിയണം. അൻപതു ദിവസത്തേക്കുവേണ്ട ചിന്തകൾ ആരാധനക്രമകലണ്ടറിൽ സൂചിപ്പിച്ചിട്ടുള്ള വചനഭാഗങ്ങൾ നൽകുന്നുണ്ട്. അവയെ ഭാവാത്മകമായി ജീവിതസാഹചര്യങ്ങളോട് ബന്ധപ്പെടുത്തിയാൽ ആത്മീയ പൂമൊട്ട് വിരിയും. കാണാമറയത്തെ പ്രലോഭനങ്ങൾ തുടങ്ങി (മത്താ 4,1-11) ഉയിർപ്പ് അനുഭവങ്ങൾ വരെ എത്തിനിൽക്കുന്ന അൻപതു പുഷ്പങ്ങൾ. അതാണ് നമ്മുടെ നോമ്പ്. അങ്ങനെ ആത്മീയതയുടെ വിസ്മരിക്കപ്പെടുന്ന തലങ്ങളെ ഇവിടെ നമുക്ക് കണ്ടെത്താനാവും. അനേകദിവസങ്ങളായി ഡൽഹിയിലെ കൊടുംതണുപ്പുസഹിച്ച് ടെന്റുകളിലും ട്രാക്ടറുകളിലും ഇരുന്ന് സമരം ചെയ്യുന്ന കർഷകർക്ക് ഒരു ആത്മീയതയുണ്ട്. അവരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഒരു ദിവസത്തെ ഉപവാസ സമരത്തിൽ പങ്കുചേർന്നാൽ അതിലും ഒരു ആത്മീയതയുണ്ട്. ഉപവാസം ശരീരത്തിനു മാത്രമല്ല തെളിമയുള്ള മനസ്സിനും ഉപകാരപ്പെടും. നാല്പതു ദിവസത്തെ ഉപവാസത്തിനുശേഷം പ്രലോഭനങ്ങളെ തിരിച്ചറിയാനും തന്റെ ദൗത്യത്തെക്കുറിച്ച് വ്യക്തതനേടാനും ഈശോയ്ക്കു കഴിഞ്ഞു. നസ്രത്തിലെ സിനഗോഗിൽ വച്ച് തന്റെ നയപ്രഖ്യാപനത്തിൽ പറയുന്ന അഞ്ചുകാര്യങ്ങൾ (ലൂക്കാ 4,16-19) അങ്ങനെ തെളിഞ്ഞുകിട്ടിയതാണ്. അനേകരുടെ ജീവിതത്തിൽ വസന്തം വിരിയാൻ അത് ഇടയാക്കി. മുന്നോട്ടുള്ള യാത്രയിൽ ഒന്നിനുപുറകെ ഒന്നായി ഈശോയ്ക്കു കുരിശുകൾ ഉണ്ടാകുന്നുണ്ട്. പക്ഷെ അതെല്ലാം ഉയിർപ്പിൽ പൂത്തുലഞ്ഞു. അതാണ് ക്രിസ്ത്യാനിയുടെ നോമ്പ് - ജീവിതക്കുരിശുകൾ പൂത്തുലഞ്ഞ് ഉത്ഥാനപ്രഭ ചൊരിയുന്ന നോമ്പ്...



# സഭാജീവിതം






# മിശിഹായിലുള്ള ജീവിതം

**റവ. മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

**ക്രി**സ്തീയജീവിതം മിശിഹായിലുള്ള ജീവിതം എന്നാണ് വിശേഷിപ്പിക്കപ്പെടുക. കാരണം മിശിഹായിലുള്ള വിശ്വാസമാണ് സഭാജീവിതത്തിനടിസ്ഥാനം. മിശിഹായെക്കുറിച്ചുള്ള സുവിശേഷപ്രഘോഷണമാണല്ലോ സഭ രൂപംകൊള്ളുവാൻ കാരണമായത്. ശ്ലീഹന്മാരുടെ തലവനായ പത്രോസ് മറ്റു പതിനൊന്നു പേരോടുമൊപ്പം എഴുന്നേറ്റുനിന്ന് മിശിഹായെക്കുറിച്ചുള്ള ആദ്യത്തെ സുവിശേഷപ്രഘോഷണം നടത്തി. ആ സുവിശേഷം സ്വീകരിച്ച് സ്നാനം സ്വീകരിച്ചവരുടെ സമൂഹമായിട്ടാണ് സഭ ജന്മം കൊള്ളുന്നത്: “അവന്റെ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു” (ശ്ലീഹ 2,41). തന്റെ സുവിശേഷപ്രഘോഷണത്തിൽ പത്രോസ് പ്രധാനമായും വിഷയമാക്കിയത് മിശിഹായുടെ ഉത്ഥാനത്തെയാണ് (ശ്ലീഹ 2,24. 31-32. 36). അതുകൊണ്ട് മിശിഹായിലുള്ള ജീവിതം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഉത്ഥിതനായി ഇന്നു ജീവിക്കുന്ന മിശിഹായിലുള്ള ജീവിതമെന്നാണ്.

### ചരിത്രത്തിൽ ജീവിച്ച മിശിഹായും ഉത്ഥിതനായ മിശിഹായും

ചരിത്രത്തിൽ ജീവിച്ചവനെങ്കിലും ഇന്ന് ഈശോമിശിഹാ ഉത്ഥിതനാണ്. സ്വർഗ്ഗീയമഹത്ത്വത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനാണ് (ശ്ലീഹ 2,34-35). ഇപ്രകാരം മഹത്ത്വീകൃതനായ മിശിഹായെക്കുറിച്ചു ചിന്തിക്കാതെ ചരിത്രത്തിൽ ജീവിച്ച മിശിഹായിൽ കേന്ദ്രീകൃതമായിട്ടാണ് ഇന്നു സഭയിൽ പലരും ജീവിക്കുന്നത്. മിശിഹായെ ഒരു ചരിത്രപുരുഷനായി കാണുകയും, ആ മിശിഹായോടുമാത്രം ബന്ധം പുലർത്തുകയും ചെയ്യുന്ന ജീവിതം ശരിയായ സഭാജീവിതമല്ല. അപ്രകാരം ജീവിക്കുവാനുള്ള പ്രലോഭനം എല്ലാ മനുഷ്യർക്കുമുണ്ട്. പക്ഷേ, ഇപ്രകാരം ജീവിക്കുന്നതിന് സഭയുടെ അംഗമാകണമെന്നില്ല. ഉദാഹരണമായി നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി അപ്രകാരം ജീവിച്ച ഒരു വ്യക്തിയായിരുന്നു. ഇംഗ്ലണ്ടിൽ പഠിച്ചിരുന്ന കാലത്ത് സുവിശേഷങ്ങൾ വായിക്കുകയും അവയിൽ കണ്ടുമുട്ടിയ മിശിഹാ അദ്ദേഹത്തെ ജീവിതത്തിലുടനീളം സ്വാധീനിക്കുകയും ചെയ്തിരുന്നു. എന്നാൽ അദ്ദേഹം സഭയുടെ അംഗത്വത്തിലേക്കു കടന്നുവന്നില്ല.



**മറിയം മഗ്ദലേനയുടെ പ്രലോഭനം**

ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടിയ മറിയം മഗ്ദലേനായ്ക്ക് ഇപ്രകാരമുള്ള പ്രലോഭനമുണ്ടായതായി യോഹന്നാൻസുവിശേഷകൻ വിവരിക്കുന്നുണ്ട്. ഉത്ഥിതനായ മിശിഹാ പ്രത്യക്ഷപ്പെട്ടപ്പോൾ അവൾ പറഞ്ഞ വാക്കുകളും അതിന് ഈശോ നല്കിയ മറുപടിയും ഇതു സൂചിപ്പിക്കുന്നുണ്ട്: "ഈശോ അവളെ വിളിച്ചു: മറിയം! അവൾ തിരിഞ്ഞ് റബ്ബോനി എന്ന് ഹെബ്രായഭാഷയിൽ വിളിച്ചു. ഗുരു എന്നർത്ഥം. ഈശോ പറഞ്ഞു: നീ എന്നെ തടഞ്ഞുനിർത്താതിരിക്കുക. എന്തെന്നാൽ ഞാൻ പിതാവിന്റെ അടുത്തേക്ക് ഇതുവരെയും കയറിയിട്ടില്ല. നീ എന്റെ സഹോദരന്മാരുടെ അടുത്തുചെന്ന് അവരോട് ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും, എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു എന്നു പറയുക" (യോഹ 20,17-18). ഉത്ഥിതനായ ഈശോയെ കണ്ടപ്പോൾ അവൾ വിചാരിച്ചത് ചരിത്രത്തിൽ ജീവിച്ച ഈശോ പഴയതുപോലെ ജീവിതത്തിലേക്കു തിരിച്ചുവന്നുവെന്നും, അവൾ പുലർത്തിയിരുന്ന ഗുരുശിഷ്യബന്ധം പുനഃസ്ഥാപിക്കപ്പെട്ടുവെന്നുമാണ്. എന്നാൽ സത്യാവസ്ഥ അങ്ങനെയല്ല എന്ന് ഈശോ അവളെ പറഞ്ഞു മനസ്സിലാക്കുകയാണ്. താൻ മഹത്ത്വീകൃതനാണെന്നും തന്നോട് ഇനി ബന്ധപ്പെടേണ്ടത് തന്റെ സഹോദരരായിത്തീർന്ന ശ്ലീഹന്മാരുടെ അടിസ്ഥാനത്തിൽ പണിയപ്പെടുന്ന സഭയിലൂടെയാണെന്നും അവളെ ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട് ഇന്നു നമ്മൾ ഈശോയെ കാണേണ്ടതും ഈശോയുമായി ബന്ധപ്പെടേണ്ടതും സഭയിലൂടെയാണ്.

**സഭയിൽ മിശിഹായെ കണ്ടെത്തുക**

ഉത്ഥിതനായ മിശിഹാ ശ്ലീഹന്മാർക്കു പ്രത്യക്ഷനായി അവരുടെമേൽ നിശ്വസിച്ചുകൊണ്ട് പരിശുദ്ധാത്മാവിനെ നല്കിയതായി യോഹന്നാൻ സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നു (യോഹ 20,20-21). ഉത്ഥാനത്തിലൂടെ അരൂപിയായി മാറിയ മിശിഹാ ഇന്നു ജീവിക്കുന്നത് സഭയിലാണ്. അതുകൊണ്ടു മിശിഹായുമായുള്ള നമ്മുടെ ബന്ധം നാമിന്നു സ്ഥാപിക്കേണ്ടത് സഭയിലൂടെയാണ്. സഭയെ മിശിഹായുടെ ശരീരമെന്ന് വി. പൗലോസും (1 കൊറി 12), മുന്തിരിച്ചെടിയും ശാഖകളും എന്ന് യോഹന്നാൻശ്ലീഹായും (യോഹ 15,1-17) വിശേഷിപ്പിക്കുന്നത് ഇക്കാരണത്താലാണ്. സഭയെ സ്നേഹിക്കാത്തവൻ ഈശോയെ സ്നേഹിക്കുന്നില്ല. സഭയെ വിമർശി

ക്കുന്നവൻ ഈശോയെയാണ് വിമർശിക്കുന്നത്. സഭയെ പീഡിപ്പിച്ച സാവൂൾ ഈശോയെയാണ് പീഡിപ്പിച്ചത് (ശ്ലീഹ 9,1-9).

**സഭയോടൊത്ത് മിശിഹായിൽ ജീവിക്കുക**

മിശിഹാ സഭയിൽ എപ്പോഴും സന്നിഹിതനാണെങ്കിലും നമുക്കു മിശിഹായുമായി ബന്ധപ്പെടാനും മിശിഹായിൽ ജീവിക്കുവാനും സാധിക്കുന്ന സന്ദർഭങ്ങൾ മനസ്സിലാക്കി മിശിഹായിൽ ജീവിക്കുവാൻ നാം പരിശ്രമിക്കണം. സഭയിൽ മിശിഹായുമായി ബന്ധപ്പെടാൻ സാധിക്കുന്ന ഏറ്റം ഉദാത്തമായ സന്ദർഭം സഭയുടെ ലിറ്റർജിക്കൽ ആഘോഷമാണ്. അതായത്, പരിശുദ്ധ കുർബാനായാഘോഷവും കൂദാശാ പരികർമ്മങ്ങളും യാമപ്രാർത്ഥനകളും. ഇവയിലെല്ലാം സജീവമായി പങ്കുചേർന്നുകൊണ്ട് മിശിഹായിൽ ജീവിക്കുവാനും വളരുവാനും നമുക്കു കഴിയണം. സഭയുടെ വചനശുശ്രൂഷാവേദികളും ജീവകാരുണ്യപ്രവർത്തനങ്ങളും മിശിഹായിൽ ജീവിക്കുവാനും വളരുവാനും സഹായകരങ്ങളായ സന്ദർഭങ്ങളാണ്. അപ്രകാരം സഭയെ സ്നേഹിക്കുകയും സഭാജീവിതത്തിലും പ്രവർത്തനങ്ങളിലും പങ്കുചേരുകയും ചെയ്തുകൊണ്ട് മിശിഹായിൽ ജീവിക്കുവാൻ നമുക്കെല്ലാവർക്കും പരിശ്രമിക്കാം.

---

# അനുതാപമോടെ



*അനുതാപമോടെ ഹൃദയം നിറഞ്ഞ്*
*സർവ്വേശ്വര സന്നിധിയണയുമ്പോൾ*
*അമ്മതൻ കുഞ്ഞിനെ മാറോടണയ്ക്കുംപോൽ*
*സർവ്വേശ്വരൻ ചേർത്തണയ്ക്കും*

*നുറുങ്ങിയ ഹൃദയങ്ങൾക്കു ജീവനായ് മാറാൻ*
*സ്വയം ബലിയായ് തീർന്ന ദിവ്യനാഥൻ*
*അപ്പത്തിൻരൂപത്തിൽ ഓസ്തിയായി വന്ന്*
*ഹൃദയത്തെ നിർമ്മലമാക്കീടുമെന്നും*
*സ്നേഹത്തിൻ തൈലം ഹൃദയത്തിൽ പൂശി*
*പാപത്തിൻ മോചനം നല്കുമവൻ*

*അന്ധനു വെളിച്ചമായ് ബധിരനു കേൾവിയായ്*
*സ്നേഹത്തിൻ ദീപം ജ്വലിപ്പിച്ചവൻ*
*നിറയുന്ന മിഴികൾക്കു വെളിച്ചമായ് മാറാൻ*
*ക്രൂശിൽ കയറിയ ദിവ്യനാഥൻ*
*കാരുണ്യവെട്ടം കണ്ണിൽ പൂശി*
*കാരുണ്യമാകാനോതിയവൻ*

**സ്റ്റെല്ലാ സ്റ്റീഫൻ**
**കുളമാവ്**



# കർത്താവിനു പോലും ഒരു ശിമയോനുണ്ടായിരുന്നു

സ്റ്റെഫി മംഗലത്തുകുന്നേൽ

**“പ**തിനാറാമത്തെ വയസ്സിൽ എനിക്കു കിട്ടിയ സമ്മാനമാ - മുഴുക്കുടിയനായ ഭർത്താവ്. എന്നും കുടിക്കും, പിന്നെ വഴക്ക്. വല്ലപ്പോഴും പണിക്കുപോയി കിട്ടുന്ന പണവും, ഞാൻ പണി തുണ്ടാക്കുന്നതുംകൂടി വാങ്ങി കുടിക്കും. സമാധാനമെന്തെന്നു ഞാൻ അറിഞ്ഞിട്ടില്ല. ഇരുപ ത്തിരണ്ടു വർഷം പോറ്റി വളർത്തിക്കഴിഞ്ഞപ്പോൾ പൊന്നുമോനെയും ദൈവം തിരികെ വിളി ച്ചു, പണിസ്ഥലത്തു വച്ച് ഷോക്കടിച്ചതാ....” വാക്കുകൾ മുറിച്ച ആ കണ്ണുനീർ പക്ഷേ നിരാശ യുടെതായിരുന്നില്ല. “നല്ല ദൈവം ആരോഗ്യം തന്നതുകൊണ്ടു പണിയെടുത്തു. ഇപ്പോൾ നട്ടെ ല്ലിനു രോഗമാണ്. ഓപ്പറേഷൻ നടത്തി കമ്പിയിടണം. ജോലി ചെയ്യാനാവാതായപ്പോൾ ഭിക്ഷ ചോദിക്കാനിറങ്ങി. നല്ല മനുഷ്യരുടെ സഹായത്താൽ ജീവിക്കുന്നു. വേദന സാരമില്ല. പക്ഷേ കിടന്നു പോയാൽ ആരു നോക്കും? മോളു പ്രാർത്ഥിക്കണം കേട്ടോ. എനിക്കു സൗഖ്യം വേണം. ദൈവം തരും. എനിക്കുറപ്പാ, ഞാൻ ചോദിച്ചു മേടിക്കും....” പ്രതീക്ഷയുടെ ഉറപ്പേറിയ വാക്കുകൾ....

“അങ്ങു കാണുന്നുണ്ട്; കഷ്ടപ്പാടുകളും ക്ലേശങ്ങളും അങ്ങു തീർച്ചയായും കാണുന്നുണ്ട്; അങ്ങ് അവ ഏറ്റെടുക്കും. നിസ്സഹായൻ തന്നെത്തന്നെ അങ്ങേക്കു സമർപ്പിക്കുന്നു. അനാഥന് അവിടുന്ന് സഹായകനാണല്ലോ” (സങ്കീ 10,14). ജീവിതം ദൈവതൃക്കരങ്ങളിൽ വിട്ടുകൊടു ത്തുകൊണ്ട് ഓരോ അനുഭവങ്ങളിലും ദൈവസാന്നിദ്ധ്യം ദർശിക്കാനായാൽ അസാധാരണ മായ സന്തോഷവും സമാധാനവും നമ്മുടെ ജീവിതത്തെയും വലയം ചെയ്യും. “ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല” (യോഹ 14,18) എന്നത് ഈശോയുടെതന്നെ വാക്കുകളാണല്ലോ.

ഓരോരുത്തർക്കും വഹിക്കാവുന്ന കുരിശേ കർത്താവു തരൂ എന്നും കുരിശിനു മറുപുറം ഈശോയുണ്ടെന്നും കുരിശില്ലാതെ കിരീടമില്ലെന്നതുമൊക്കെ സത്യമായ കാര്യമല്ലേ...

കർത്താവിന്റെ കുരിശു ചുമക്കാൻ ശിമയോനെ അനുവദിച്ചത്, നമ്മെ കുരിശുചുമക്കാൻ സഹായിക്കാൻ വരുന്ന ശിമയോനെ കാണണമെന്നും, കുരിശുമായി എന്റെ അരികേ നീങ്ങുന്ന വൻ ശത്രുവാണെങ്കിലും, ആരെന്നറിയില്ലെങ്കിലും അവനു ഞാൻ ശിമയോൻ ആകണമെന്നും വ്യക്തമാക്കാനല്ലായിരുന്നോ...?

ഒറ്റയ്ക്കല്ലെന്നേ... ഒന്നല്ല പല ശിമയോൻമാർ നമുക്കു ചുറ്റുമുണ്ട്. ശരിക്കു നോക്കാത്തതു കൊണ്ടാ ഞാനവരെ കാണാത്തത്. ജന്മം നല്കി പോറ്റിവളർത്തിയവരും ജീവിതയാത്രയിൽ തുണയായിരുന്നവരും ചെറിയ ചെറിയ നന്മ ചെയ്തുതന്നവരുമൊക്കെ നമുക്കു ശിമയോനായിരുന്നില്ലേ? പലപ്പോഴും പ്രതിസന്ധികളിൽ നാം തളരാത്തത് എന്നോ കിട്ടിയ നല്ല വാക്കിന്റെ കരുത്തുകൊണ്ടല്ലേ? കുരിശിന്റെ വഴി മഹത്വത്തിലേക്കുള്ള വഴിയാണ്. എങ്കിൽ നമുക്കു സഹനങ്ങൾ സമ്മാനിക്കുന്നവർപോലും കുരിശിന്റെ ഇടുങ്ങിയ വഴിയിലൂടെ നടക്കാൻ നമ്മെ സഹായിക്കുന്ന ശിമയോന്മാരാകുകയല്ലേ? ജീവിതയാത്രയിൽ കടന്നുവന്ന ശിമയോനെ ഓർത്തു നന്ദി പറയാം.

എന്നാൽ ശിമയോൻമാരെ തിരഞ്ഞു കണ്ടുപിടിക്കുന്നതിൽ ഒതുങ്ങേണ്ടതല്ല നമ്മുടെ ജീവിതം. കർത്താവിനെ തേടുന്ന ശിമയോനായി നാമോരോരുത്തരും മാറണം. "നിങ്ങൾ ഇതു ചെയ്തപ്പോൾ എനിക്കുതന്നെയാണു ചെയ്തത്" (മത്താ 25,41) എന്ന വചനം നമ്മോടും പറയപ്പെടണമല്ലോ.

നെഞ്ചു നിറയെ വേദനയുമായി നടന്നവരുടെ കദനഭാരം ഇറക്കിവയ്ക്കാൻ നമ്മുടെ വിലപ്പെട്ട സമയം നല്കിയെങ്കിൽ, വേദനിക്കുന്നവർക്ക് നമ്മുടെ വാക്ക് ആശ്വാസം നല്കിയെങ്കിൽ, രോഗക്കിടക്കയിൽ മരണത്തോടു മല്ലടിക്കുന്നവർക്ക് എന്റെ സാന്നിദ്ധ്യം സമാധാനമേകിയെങ്കിൽ, ആവശ്യക്കാരനെ കണ്ടില്ല എന്നു നടിക്കാതെ എന്റെ ഇല്ലായ്മയിൽനിന്നു ദാനം ചെയ്തെങ്കിൽ, ലോകത്തിനുവേണ്ടി ദൈവതിരുമുമ്പിൽ വിരിച്ച കരങ്ങളുമായി നിന്നെങ്കിൽ നാമോരോരുത്തരും ശിമയോനാകുയായിരുന്നു. ശത്രുവിനെപ്പോലും സഹായിക്കാൻ മനസ്സുകാണിക്കുമ്പോൾ, അന്യരുടെ കുറവുകൾ ക്ഷമയോടെ സഹിച്ച് അവരുടെ ഭാരവുംകൂടി ചുമക്കുമ്പോൾ, ഈശോ പറയും, 'പേടിക്കേണ്ട, ആത്മധൈര്യത്തോടെ എന്റെ മുമ്പിൽ നില്ക്കാൻ (1 യോഹ 3,21) മാത്രം നന്മകൾ നീ ചെയ്തിട്ടുണ്ട്. എനിക്കു നീ ശിമയോനായിട്ടുണ്ട്'.

ഒരു കൈകൊണ്ട് കണ്ണീർതുടച്ച് മറുകൈകൊണ്ട് ഭർത്താവിനു ഭക്ഷണം വിളമ്പിയ മേൽപ്പറഞ്ഞ അമ്മയും കൂലിപ്പണിചെയ്തുകിട്ടിയ നൂറുരൂപ പൊതിച്ചോറിൽവച്ച് ദുരിതാശ്വാസ ക്യാമ്പിലെത്തിച്ച മേരിച്ചേച്ചിയും കോവിഡ് ബാധിച്ച കിടപ്പുരോഗിയെ ഒറ്റയ്ക്കു ചുമന്ന് ആശുപത്രിയിൽ എത്തിച്ച ആംബുലൻസ് ഡ്രൈവറുമൊക്കെ ഈ ലോകത്തിൽ ഇപ്പോഴും ജീവിക്കുന്ന ശിമയോൻമാർ തന്നെ.

ഓർക്കുക... ജീവിച്ചിരിക്കുമ്പോഴേ എന്തെങ്കിലും നന്മ ചെയ്യാൻ സാധിക്കൂ. ചോദിക്കുന്നവനിൽനിന്ന് ഒഴിഞ്ഞു മാറരുത്. ആവശ്യക്കാരനെ സഹായിക്കാതിരിക്കുകയുമരുത്. അവരിലൂടെയൊക്കെ കർത്താവത്രേ നമ്മോടു ചോദിക്കുന്നത്. "താല്പര്യത്തോടെയാണു നല്കുന്നതെങ്കിൽ ഒരുവന്റെ കഴിവനുസരിച്ചുള്ള ദാനം ദൈവം സ്വീകരിക്കും" (2 കൊറി 8,12). അതുകൊണ്ട് "നിനക്കു ചെയ്യാൻ കഴിവുള്ള നന്മ അതു ലഭിക്കാൻ അവകാശമുള്ളവർക്കു നിഷേധിക്കരുത്" (സുഭാ 3,27).



# വെഞ്ചെറ്റി ഇല്ലാത്ത മരണം!

റവ. ഫാ. ആന്റണി പൊന്തേക്കൻ
പാലക്കാട് രൂപത

**വ**ലിയ ആഴ്ചയിലെ പെസഹാ വ്യാഴാഴ്ചയാണ് ഇടവകയിലെ യൂണിറ്റുകൾ സംയുക്തമായി കുരിശിന്റെ വഴി സമാപനം നടത്തുക. വൈകിട്ട് ഏഴുമണിക്ക് യൂണിറ്റുകളിൽനിന്നും കുരിശിന്റെ വഴി പ്രാർത്ഥന ചൊല്ലി എല്ലാവരും പള്ളിയിൽ വരുന്നു. അവസാനം സമാപന ആശീർവാദം സ്വീകരിച്ചു കഴിഞ്ഞാൽ പിന്നെ പാരീഷ് ഹാളിൽ ഒരുക്കിയ സിനിമാ പ്രദർശനമാണ്. ഈശോയുടെ ജീവിതവുമായി ബന്ധപ്പെട്ടുള്ള സിനിമകളാണ് പ്രദർശിപ്പിക്കാറുള്ളത്. കുരിശിന്റെ വഴിയുടെ പ്രാർത്ഥനയിൽ പങ്കെടുത്ത എല്ലാവരുംതന്നെ സിനിമ കാണുവാനും വരുന്ന പതിവുണ്ട് തൃശ്ശൂർ ചിയ്യാരം ഇടവകയിൽ.

സമാപനാശീർവാദത്തിനുശേഷം സാധാരണപോലെ ആ വർഷവും സിനിമ ആരംഭിച്ചു. സിനിമ തുടങ്ങി അല്പം കഴിഞ്ഞപ്പോൾ പത്തും പന്ത്രണ്ടും വയസ്സുതോന്നിക്കുന്ന രണ്ടു കുട്ടി



കൾ തോളിൽ കൈകൾ ഇട്ട് പുറത്തേയ്ക്ക് ഇറങ്ങി പോരുന്നതിനിടയിൽ ഒരുവൻ കൂട്ടുകാര നോടു പറയുകയാണ്, 'ഈ സിനിമയും കൊള്ളുകയില്ല. ഇതിലും സാധാരണപോലെ ഈശോയെ കുരിശിൽ തറച്ചുതന്നെയാണ് കൊല്ലുന്നത്. വലിയ മാറ്റങ്ങൾ ഒന്നുംതന്നെ സംഭ വിക്കുന്നില്ല.'

സ്നേഹമുള്ളവരേ, ഇതാ ഒരു നോമ്പുകാലംകൂടി ആഗതമാകുകയാണ്. ഈശോയുടെ പീഡാനുഭവത്തെയും ഉത്ഥാനത്തെയുംകുറിച്ച് ധ്യാനിക്കുന്ന കാലഘട്ടം. ഈ കാലഘട്ടത്തിന്റെ ദൈവവചന ചിന്തകൾക്ക് മാറ്റങ്ങളൊന്നും സംഭവിക്കുന്നില്ല. മുൻ കൊല്ലങ്ങളിൽനിന്നും വ്യത്യ സ്തമായി ഈശോയുടെ ഒരു കട്ട ഹീറോയിസമൊന്നും കുരിശുമരണസമയത്ത് കാണുകയുമി ല്ല. പിതാവിന്റെ ഇഷ്ടം തന്റെ ഇഷ്ടമായി സ്വീകരിച്ച്, പിതാവായ ദൈവം വച്ചുനീട്ടുന്ന സഹ നത്തിന്റെ കാസയിൽനിന്നും മട്ടുവരെ ഊറ്റിക്കുടിച്ചിട്ട് 'എന്റെ ഇഷ്ടമല്ല... പിതാവേ... നിന്റെ ഇഷ്ടം നിറവേറട്ടെ' എന്നു പ്രാർത്ഥിക്കുന്ന, കുരിശിൽ തറയ്ക്കുവാൻ ചുക്കാൻ പിടിച്ചവർക്കും കുത്തി മുറിവേല്പിച്ചവർക്കുംവേണ്ടി പ്രാർത്ഥിക്കുന്ന ഈശോ...

പിന്നെ ഈ നോമ്പുകാലത്തിന്റെ വ്യത്യസ്തത എന്താണ്? അത് എനിക്കുണ്ടാകുന്ന ആന്ത രിക മാറ്റമാണ്. നോമ്പുകാലം മാറ്റത്തിന്റെ കാലമായി മാറണം; മാറ്റണം.

ദൈവത്തോടുള്ള ബന്ധത്തിൽ എനിക്കു വന്നിട്ടുള്ള അകൽച്ച മാറണം. കുടുംബബന്ധ ങ്ങളിലെ അകലങ്ങൾ മാറണം. വ്യക്തിബന്ധങ്ങളിലെ അകലങ്ങൾ മാറണം. എന്നിലെ ഞാൻ എന്ന ഭാവം മാറണം. ഈ മാറ്റങ്ങൾക്കു സഹായിക്കുന്നതാകട്ടെ നമ്മുടെ നോമ്പും ഉപവാസ വും. ദൈവാനുഗ്രഹത്തിന്റെ, മാറ്റത്തിന്റെ, ഒരു നോമ്പുകാലത്തിലേക്കു നമുക്കു പ്രവേശിക്കാം.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരി ക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറ യുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയി ലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192



# പിതൃഹൃദയത്തോടെ

**സുജ ചോതിരക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**


**2020** ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വി. യൗസേപ്പിതാവിന് പ്രതിഷ്ഠിക്കപ്പെട്ട വർഷമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. വി. യൗസേപ്പിനെ സാർവ്വത്രികസഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തിലാണ് ഇത്തരമൊരു പ്രഖ്യാപനം ഉണ്ടായിരിക്കുന്നത്. നീതിയിലധിഷ്ഠിതമായ സാർവ്വത്രിക സാഹോദര്യത്തിന്റെയും സാമൂഹിക സൗഹൃദത്തിന്റെയും അടിസ്ഥാനത്തിൽ ഒരു ആഗോളകുടുംബം രൂപപ്പെടണമെന്ന് ഫ്രാൻസിസ് പാപ്പാ 'ഏവരും സോദരർ' എന്ന സാമൂഹിക ചാക്രികലേഖനത്തിലൂടെ ആഹ്വാനം ചെയ്തിരുന്നു. ഇതിനു പിന്നാലെയാണ് നീതിമാനും കുടുംബങ്ങളുടെ സംരക്ഷകനുമായ യൗസേപ്പിതാവിനെ ലോകത്തിനു മുമ്പിൽ മാതൃകയും മദ്ധ്യസ്ഥനുമായി ഫ്രാൻസിസ് പാപ്പാ പുനഃപ്രതിഷ്ഠ നടത്തിയിരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

നൂറ്റിയമ്പതു വർഷങ്ങൾക്കുമുമ്പ് വളരെ കലുഷിതമായ ഒരു കാലഘട്ടത്തിലൂടെ ലോകം കടന്നുപോയപ്പോൾ ഒമ്പതാം പീയൂസ് പാപ്പാ സാർവ്വത്രിക സഭയെ യൗസേപ്പിതാവിന്റെ സംരക്ഷണയിൽ ഭരമേല്പിച്ചു. നൂറ്റിയമ്പതു വർഷങ്ങൾക്കുശേഷം ഫ്രാൻസിസ് പാപ്പാ യൗസേപ്പ് പിതാവിന്റെ വർഷം പ്രഖ്യാപിക്കുമ്പോൾ ഈ കാലഘട്ടവും കലുഷിതമായ ഒത്തിരി സാഹചര്യങ്ങളിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്.

കോവിഡ് 19 എന്ന മഹാമാരി വിതച്ച വിനകളുടെ നടുവിൽ നാം നേരിടുന്ന പ്രതിസന്ധികളും ആശങ്കകളും ഒരു വശത്ത്... കൂടാതെ സാമൂഹിക സ്പർദ്ധ, മതതീവ്രവാദം, പാരിസ്ഥിതിക പ്രശ്നങ്ങൾ, ദാരിദ്ര്യം തുടങ്ങി ധാരാളം പ്രശ്നങ്ങൾ വേറെയും. ഇത്തരം വിഷമസന്ധികളുടെ നടുവിൽ യൗസേപ്പിതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥ്യസഹായവും സംരക്ഷണവും നമുക്കു ശക്തിയും പ്രത്യാശയും നല്കുന്നു.

'പിതൃഹൃദയത്തോടെ' എന്ന ശ്ലൈഹികലേഖനത്തിൽ യൗസേപ്പ് പിതാവിന്റെ ജീവിതത്തിൽനിന്ന് മാതൃകയാക്കേണ്ട സവിശേഷമായ ഏഴു ഗുണങ്ങളെ ഫ്രാൻസിസ് മാർപാപ്പാ അവതരിപ്പിക്കുന്നുണ്ട്. വി. യൗസേപ്പ് വാൽസല്യമുള്ള പിതാവായിരുന്നു എന്നതാണ് ഒന്നാമത്തെ ഗുണവിശേഷമായി പാപ്പാ അവതരിപ്പിക്കുന്നത്. യൗസേപ്പിതാവിനെപ്പോലെയുള്ള ഒരു വളർത്തു പിതാവിനെ ഈശോയുടെ രൂപീകരണ കാലഘട്ടത്തിൽ ആവശ്യമുണ്ടായിരുന്നു. ദൈവപിതാവിന്റെ പ്രതിനിധിയായിട്ടാണ് യൗസേപ്പിതാവ് ഈശോയുടെ വളർത്തുപിതാവായി നിയമിക്കപ്പെട്ടത് എന്നത് എത്രയോ മഹനീയമായ കാര്യമാണ്! വി. യൗസേപ്പിന്റെ മറ്റൊരു പ്രത്യേകത അദ്ദേഹം അലിവുള്ള പിതാവായിരുന്നു എന്നതാണ്. യൗസേപ്പിതാവിന്റെ ജീവിതത്തിലെ അനുസരണാശീലമായിരുന്നു മൂന്നാമത്തെ സവിശേഷതയായി പാപ്പാ അവതരിപ്പിക്കുന്നത്. ദൈവസ്വരത്തിന് എന്നും പൂർണ്ണമായി വിധേയപ്പെട്ട വ്യക്തിയാണ് വി. യൗസേപ്പ്. വേദനകളും സന്തോഷങ്ങളും ഒരുപോലെ പരിപൂർണ്ണമനസ്സോടെ സ്വീകരിച്ചയാളാണ് യൗസേപ്പ് പിതാവ് എന്നതാണ് നാലാമത്തെ സവിശേഷത. യൗസേപ്പിതാവ് ധീരനായിരുന്നു എന്നതാണ് അദ്ദേഹത്തിൽനിന്നും പഠിക്കാവുന്ന അഞ്ചാമത്തെ സവിശേഷത. വി. യൗസേപ്പിന്റെ ധീരമായ നിലപാടുകളായിരുന്നു മറിയത്തിനും ഈശോയ്ക്കും പ്രതിസന്ധികളിൽ സംരക്ഷണമൊരുക്കിയത്. യൗസേപ്പിതാവ് തൊഴിൽ ചെയ്ത് തന്റെ കുടുംബത്തെ പോറ്റി വളർത്തി എന്നതാണ് ആറാമത്തെ സവിശേഷത. നീതിമാനായ യൗസേപ്പിന്റെ ജീവിതത്തിൽനിന്ന് നമ്മൾ സ്വീകരിക്കേണ്ട ഏഴാമത്തെ ഗുണവിശേഷമായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത് സ്വർഗ്ഗീയപിതാവിന്റെ നിഴലായിട്ടാണ് യൗസേപ്പിതാവ് ഭൂമിയിൽ ജീവിച്ചത് എന്നതാണ്.

വി. യൗസേപ്പിന്റെ മാതൃകയും മേൽപ്പറഞ്ഞ ഗുണഗണങ്ങളും ജീവിതത്തിൽ പകർത്താൻ നമുക്കു പരിശ്രമിക്കാം. കുടുംബങ്ങളെയും സമൂഹങ്ങളെയും യൗസേപ്പിതാവിന്റെ സംരക്ഷണത്തിനായി നമുക്കു ഭരമേല്പിക്കാം. വി. യൗസേപ്പിനോടുള്ള ഭക്തിയിലും വണക്കത്തിലും കൂടുതൽ ശ്രദ്ധയോടെ ജീവിച്ചുകൊണ്ട് നമ്മുടെ വ്യക്തിജീവിതത്തെയും കുടുംബങ്ങളെയും നവീകരിക്കുവാൻ ഈ വർഷാചരണം നാമേവരെയും സഹായിക്കട്ടെ!



*ജീവിതത്തിൽ സ്വാസ്ഥ്യം കൊതിച്ചവൻ...*
*ഉറക്കവും സ്വപ്നങ്ങളും സ്വൈര്യം നല്കാത്തവൻ...*
*വിശ്രമിക്കാനൊരിരിപ്പിടം, തലചായ്ക്കാനൊരിടം,*
*ഉണർവിലും ഉറക്കത്തിലും ഭയരഹിതമായ ഒരു നിമിഷം...*
*ഒന്നും കൊടുത്തില്ല, ദൈവം പോലും...*
*എന്നാൽ അയാളോ?*
*അന്യനുവേണ്ടി തന്നെത്തന്നെ വിറ്റവൻ...*
*സ്വപ്നങ്ങൾക്ക് ജീവിതത്തേക്കാൾ വില നല്കിയവൻ...*
*ജീവിക്കുന്ന നിമിഷത്തിന് വില കൊടുത്തവൻ...*
*എങ്കിലും ചിലരെ സ്നേഹിക്കുന്നതുകൊണ്ട്, ചിലരാൽ*
*സ്നേഹിക്കപ്പെടുന്നതുകൊണ്ട്,*
*ഒന്നും ആഗ്രഹിക്കാത്തതുകൊണ്ട് അയാൾ നിശബ്ദനാണ്.*
*സ്വർഗ്ഗത്തിന്റെ മുഖത്ത് തങ്കലിപികളാൽ ആ പേര് എഴുതിവച്ചിരിക്കുന്നു.*

**"ജോസഫ്".**

റവ. ഫാ. ആൽബിൻ പാറയിൽ O. Carm



# ദൈവം തൊട്ട ഹൃദയമുണ്ടാകട്ടെ

**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**കു**ട്ടികൾ കാൽപന്തു കളിക്കുന്നതിനിടയിൽ അബദ്ധത്തിൽ പന്ത് മൈതാനത്തിനു പുറത്തുള്ള പൊന്തക്കാട്ടിൽ വീണു. പന്തെടുക്കാനുള്ള ബദ്ധപ്പാടിൽ ദേഹമാസകലം മുള്ളുകൊണ്ടു മുറിഞ്ഞ് രക്തമൊലിപ്പിച്ചാണ് സാരംഗ് ഒരു വിധത്തിൽ കാടിനുള്ളിൽനിന്നും പുറത്തുകടന്നത്.

തന്നെ സമീപിക്കുന്നവരെ വേദനിപ്പിക്കുകയോ മുറിപ്പെടുത്തുകയോ ചെയ്യുന്നുണ്ടെന്ന കാര്യം മുള്ളിന് അറിയില്ല. കാരണം സ്വഭാവത്താൽത്തന്നെ അങ്ങനെയാണ് എന്നതാണ് അതിന്റെ പ്രത്യേകത. അതുകൊണ്ട് തന്നിലേയ്ക്കടുക്കുന്നവരെ നോവിക്കാൻമാത്രമേ അതിനു കഴിയൂ.

നമ്മുടെ സ്വഭാവത്തിന്റെ സവിശേഷതകളെ ഒന്നു വിലയിരുത്താൻ ശ്രമിച്ചാൽ നാം എന്ത് അനുഭവമാണ് മറ്റുള്ളവർക്കു പ്രദാനം ചെയ്യുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. തിരുവചനം പറയുന്നത് ശ്രദ്ധിക്കുക: "നല്ലവൻ തന്റെ ഹൃദയത്തിന്റെ നല്ല നിക്ഷേപത്തിൽനിന്ന് നന്മ പുറപ്പെടുത്തുന്നു; ദുഷ്ടൻ തന്റെ ഹൃദയത്തിന്റെ ദുഷ്ടനിക്ഷേപത്തിൽനിന്ന് തിന്മ പുറപ്പെടുത്തുന്നു. ഹൃദയത്തികവിൽനിന്നാണല്ലോ അധരങ്ങൾ സംസാരിക്കുന്നത്" (ലൂക്കാ 6,45).

അനുദിനജീവിതത്തിൽ മറ്റുള്ളവരുമായി ഇടപഴകേണ്ട ധാരാളം സന്ദർഭങ്ങൾ നമുക്കുണ്ടാകാറുണ്ട്. കുടുംബത്തിലും നാമായിരിക്കുന്ന മറ്റു സാമൂഹ്യമേഖലകളിലും നമ്മുടെ സാന്നിദ്ധ്യവും സംസാരവും പ്രവൃത്തികളുമെല്ലാം ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ മറ്റുള്ളവരെ നിർണ്ണായകമായി സ്വാധീനിക്കാറുമുണ്ട്. ഒരു നല്ല അദ്ധ്യാപകൻ വിദ്യാർത്ഥികൾക്കും,

“നമ്മുടെ ഹൃദയം എന്തിനാൽ നിറയപ്പെട്ടിരിക്കുന്നുവോ അതായിരിക്കും നാം മറ്റുള്ളവർക്കു കൊടുക്കുന്നത്”
(ദൈവദാസൻ
ബിഷപ് വില്യം ജക്വീന്താ)




നല്ല മാതാപിതാക്കൾ മക്കൾക്കും, നല്ല അധികാരി അധീനർക്കും ദൈവസ്ഥാനീയരാകുന്നത് അവരിൽ ദൈവം വർഷിച്ച അനുഗ്രഹങ്ങളെ തിരിച്ചറിഞ്ഞ് അത് അപരനിലേക്കു പകരുവാൻ തങ്ങളെ അനുവദിക്കുന്നതുകൊണ്ടാണ്. ഒരു വ്യക്തിയുടെ നന്മയും ഉൽക്കർഷവും ആഗ്രഹിക്കുവാൻ നമുക്കു കഴിയണമെങ്കിൽ മനസ്സിനെയും ഹൃദയത്തെയും സത്ചിന്തകൾകൊണ്ട് നിറയ്ക്കേണ്ടിയിരിക്കുന്നു. അതിനു സാധിക്കണമെങ്കിൽ നാം ദൈവത്താൽ നിറയപ്പെട്ടവരും അവിടുന്നു നമ്മിൽ വർഷിച്ചിരിക്കുന്ന നന്മകളും കാരുണ്യത്തിന്റെ ഉറവുകളും തിരിച്ചറിയുന്നവരുമാകണം.

നാം കണ്ടുമുട്ടുന്ന ചില വ്യക്തികളുടെ സാന്നിദ്ധ്യം നമ്മിലും നമുക്കു ചുറ്റിലും ഒരു നിഷേധാത്മക ഊർജ്ജം ഉളവാക്കുന്നതായി അനുഭവപ്പെടാറുണ്ട്. മുള്ളുകൊണ്ടെന്നപോലെ കുത്തുവാക്കുകൾകൊണ്ടു മുറിപ്പെടുത്തുന്ന, എന്തിലും ഏതിലും കുറ്റങ്ങളും കുറവുകളും മാത്രം കണ്ടു പിടിക്കുന്ന വ്യക്തികളാണിവർ. ആരിലും ഏതു സാഹചര്യങ്ങളിലും ഒരു നന്മയും കണ്ടെത്താൻ ഇക്കൂട്ടർക്കു കഴിയുകയില്ല. ഭക്തിയുടെയും ആത്മീയതയുടെയും അറിവിന്റെയും തലങ്ങളിൽ വളരെ ഉയരത്തിലാണ് തങ്ങളെന്ന് ഇവർ കരുതുന്നു. അടിസ്ഥാനരഹിതമായ ആരോപണങ്ങളുന്നയിക്കുകയും എല്ലാവരെയും വിമർശിക്കുകയും ചെയ്യുക എന്നത് ഇവർക്കു സന്തോഷം നല്കുന്നുണ്ടാകാം. എന്നാൽ ഹൃദയപരമാർത്ഥതയില്ലാത്ത ഇത്തരക്കാരുടെ മാനസികോല്ലാസത്തിന് ഇരയായിത്തീരുന്നവർ ജീവിതസമ്മർദ്ദങ്ങളുടെ ചുഴിയിൽ താഴുകയാണെന്ന യാഥാർത്ഥ്യം തമസ്കരിക്കപ്പെടുന്നു എന്നതാണ് സങ്കടകരം.

“ഹൃദയത്തികവിൽ നിന്നാണല്ലോ അധരങ്ങൾ സംസാരിക്കുന്നത്” എന്ന മിശിഹായുടെ വചനം എത്ര വാസ്തവമാണ്; ചിന്തനീയമാണ്! ദൈവത്തിന്റെ സ്നേഹം ഹൃദയത്തിൽ സ്പർശിച്ചവനുമാത്രമേ മറ്റുള്ളവരെ കരുതലോടെയും സ്നേഹത്തോടെയും വീക്ഷിക്കാനാവൂ; അവരെക്കുറിച്ചു നല്ലതു പറയുവാനും നന്മ വരാൻ ആഗ്രഹിക്കുവാനും കഴിയൂ. അങ്ങനെയുള്ളവർ തങ്ങളുടെ ഹൃദയത്തിന്റെ നല്ല നിക്ഷേപത്തിൽനിന്ന് നന്മ പുറപ്പെടുത്തുന്നവരും ലോകത്തിനുവേണ്ടിയും മനുഷ്യനന്മയ്ക്കുവേണ്ടിയും തങ്ങളുടെ ജീവിതം കൊടുക്കുന്നതിൽ സംതൃപ്തിയും സന്തോഷവുമുള്ളവരുമാണ്. ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസാക്ഷിയോടുംകൂടെ ദൈവസന്നിധിയിൽ വ്യാപരിക്കുന്നതുവഴി എല്ലാവർക്കുമായി നമ്മുടെ ഹൃദയത്തിലെ നന്മയുടെയും സ്നേഹത്തിന്റെയും വെളിച്ചം പകരുന്നവരായി മാറാൻ നമുക്കിടയാകട്ടെ.



# പ്രലോഭനം

**മരീന സ്റ്റീഫൻ**

**ജീ**വിതപ്രശ്നങ്ങളുടെ പരിഹാരം തേടിയായിരുന്നു ആ മനുഷ്യന്റെ യാത്ര. സഹചാരിയായി പലരെ അന്വേഷിച്ചു. പക്ഷേ കൂടെ വന്നവരൊക്കെയും അയാളെ അതൃപ്തനാക്കി. സന്ധ്യ മയങ്ങുന്ന നേരം, സുമുഖനായ ഒരു ചെറുപ്പക്കാരൻ അയാളുടെ കൂടെ യാത്രയാരംഭിച്ചു. അയാളുടെ ഹൃദയം കവരുന്ന സംഭാഷണം കേട്ടപ്പോൾ തന്നെ യാത്രികൻ തീരുമാനിച്ചു; താൻ അന്വേഷിച്ച സഹയാത്രികൻ ഇയാൾ തന്നെ. യാത്രികന്റെ ജീവിതപ്രശ്നങ്ങളെല്ലാം സഹചാരി ശ്രദ്ധയോടെ കേട്ടു. ആശ്വസിപ്പിച്ചുകൊണ്ട് അയാൾ പറഞ്ഞു: “വിഷമിക്കരുത്. പണമുണ്ടെങ്കിൽ താങ്കൾക്ക് ഈ പ്രശ്നങ്ങളൊന്നും ഉണ്ടാവുകയില്ലായിരുന്നു. പണമാണു പരിഹാരം. എന്റെ കൂടെ വന്നോളൂ, ഞാൻ താങ്കളെ ധനികനാക്കാം. പിന്നെ അദ്ധ്വാനിക്കേണ്ട. എന്നും സുഖം”. യാത്രികനു സന്തോഷമായി. തന്റെ യാത്ര ലക്ഷ്യം കണ്ടിരിക്കുന്നു. സഹചാരി പറഞ്ഞു: “കുറച്ചുള്ളിലാണ് എന്റെ താമസം. എനിക്കേറെ കൂട്ടുകാരുണ്ട്. നമുക്ക് അല്പം വിശ്രമിച്ച ശേഷം പതിയെ നടക്കാം”. അവർ ഒരു മരത്തണലിൽ വിശ്രമിക്കാൻ ഇരുന്നു. വരാൻ പോകുന്ന സൗഭാഗ്യം കിനാവു കണ്ട് യാത്രികൻ ഒരൽപം മയങ്ങി. കണ്ണു തുറന്നപ്പോൾ കൂരിരുട്ട്. എവിടെയാണു താനെന്നു മനസ്സിലാവുന്നില്ല. സഹചാരിയെ കാണുന്നുപോലുമില്ല. അയാൾ പതിയെ മുന്നോട്ടു നടക്കാൻ ശ്രമിച്ചു. നടക്കാനുമാവുന്നില്ല. തന്നെ ഈ കാട്ടിൽ ആരോ ബന്ധനസ്ഥനാക്കിയിരിക്കുന്നു. അയാൾ ഉറക്കെ നിലവിളിച്ചു. മറുപടി ഒരു അട്ടഹാസമായിരുന്നു. അതാ ആ സുമുഖനായ ചെറുപ്പക്കാരൻ. “സ്നേഹിതാ, എന്നെ രക്ഷിക്കൂ”. എന്നാൽ അയാൾ ആർത്തട്ടഹസിച്ചുകൊണ്ടു പറഞ്ഞു: “ഞാൻ കെട്ടിയത് ഞാൻ അഴിച്ചു വിടാറില്ല”. അയാൾ ഒരു ഞെട്ടലോടെ ചോദിച്ചു: “അപ്പോൾ നീയാണോ എന്നെ ബന്ധിച്ചിരിക്കുന്നത്? എന്തിനാണിങ്ങനെ ചെയ്തത്? നീയാരാണ്”? അയാൾ അട്ടഹസിച്ചുകൊണ്ടു മറുപടി പറഞ്ഞു: “ഞാൻ പിശാചാണ്. എന്റെ ജോലി പൂർത്തിയാക്കാൻ ഞാൻ അടിമകളെ അന്വേഷിച്ചിറങ്ങിയതാണ്. സുഖംമാത്രം തേടുന്ന, അദ്ധ്വാനിക്കാൻ മനസ്സില്ലാത്ത നീ തീർച്ചയായും എനിക്കു യോഗ്യൻ തന്നെ”. യാത്രികൻ പറഞ്ഞു: “ഇല്ല, ഇത്രമാത്രം രൂപഭംഗിയും വാക്ചാതുരിയുമുള്ള നീ പിശാചല്ല”. പക്ഷേ, സഹചാരിയുടെ മറുപടി അയാളെ നിശബ്ദനാക്കി: “ഭയപ്പെടുത്തുന്ന രൂപത്തിൽ വന്നാൽ

ആരാണ് എന്റെ കൂടെ വരിക? അതുകൊണ്ട് ഓരോരുത്തർക്കും ആകൃഷ്ടമായ വിധത്തിൽ ഞാനവർക്കു പ്രത്യക്ഷനാകും. മധുരവാക്കുകളാൽ വശീകരിക്കും. പിന്നെ എന്റെ അടിമയാക്കും".

പ്രലോഭകൻ ഈശോയെ സമീപിച്ചതും മധുരവാക്കുകളാൽ, തിരുവചനങ്ങളാൽതന്നെ ആയിരുന്നു. അന്നമായും പണമായും സ്ഥാനമാനങ്ങളായും പിശാച് ഈശോയെ വശീകരിക്കാൻ ശ്രമിച്ചു. എന്നാൽ തന്നെ പിതാവ് ഈ ഭൂമിയിലേക്കയച്ചത് എന്തിനാണെന്ന ബോധ്യം ഈശോയ്ക്കുണ്ടായിരുന്നു. സുഖം പ്രാപ്യമെങ്കിലും, ദൗത്യം കഠിനമെങ്കിലും, ഏല്പിക്കപ്പെട്ട ദൗത്യത്തിൽനിന്ന് തെല്ലും വ്യതിചലിക്കാൻ ഈശോ തയ്യാറായില്ല. രാജാവാക്കാൻവേണ്ടി ബലമായി പിടിച്ചുകൊണ്ടു പോകാൻ ശ്രമിച്ച ജനക്കൂട്ടവും, ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്നിറങ്ങി വരിക എന്നു പറഞ്ഞ കള്ളനും ഒക്കെ പ്രലോഭകന്റെ മറ്റൊരു രൂപമായിരുന്നില്ലേ?

മുന്നിൽ കൂടുതൽ രുചികരമായ ഭക്ഷണമായാണ്. സമ്പത്തിന്റെയും പദവിയുടെയും കാര്യത്തിലും ഇതുപോലെതന്നെ. ഉള്ളവനു വീണ്ടും വീണ്ടും കിട്ടണമെന്ന ആഗ്രഹമായും, തന്റെ ആഗ്രഹം തികച്ചും ന്യായമാണെന്ന തോന്നലായും പ്രലോഭകൻ അവനെ സമീപിക്കുന്നു. താൻ പ്രലോഭിപ്പിക്കപ്പെടുകയാണെന്ന വസ്തുതപോലും അയാൾ മനസ്സിലാക്കുന്നില്ലെന്നതാണു കൂടുതൽ ശോചനീയം. ആവശ്യക്കാരനെ കണ്ടില്ലെന്നു നടിച്ചു കടന്നു പോകാനും ഇത് ഇടയാക്കുന്നു.

ഓർക്കുക, നമ്മുടെ പരമമായ ലക്ഷ്യം സ്വർഗ്ഗമാണ്. വഴി ഇടുങ്ങിയതുമാണ്. യാത്ര കഷ്ടപ്പാടുകൾ നിറഞ്ഞതാണ്.



നിത്യജീവൻ ലക്ഷ്യമാക്കിയുള്ള നമ്മുടെ ജീവിതയാത്രയിലും പ്രലോഭനങ്ങൾ ഏറെയുണ്ടാവും. ആഹാരവും പണവും സ്ഥാനമാനങ്ങളും ഒക്കെ നമ്മെ വശീകരിക്കാതിരിക്കുവാനാണ് ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവുമൊക്കെ നോമ്പിന്റെ ചൈതന്യമായി കാത്തുസൂക്ഷിക്കണമെന്നു തിരുസഭ നമ്മെ പഠിപ്പിക്കുന്നത്. പട്ടിണി കിടന്നവന്റെ മുന്നിലെ ഒരു വറ്റു ചോറായല്ല പ്രലോഭകൻ വരുന്നത്. മറിച്ച് അന്നന്നത്തെയപ്പത്തിനു വകയുള്ളവന്റെ


"നമുക്കു സ്വർഗ്ഗത്തിലേക്കു കയറാൻ കുരിശല്ലാതെ മറ്റൊരു കോവണിയില്ല" എന്ന് ലീമായിലെ വിശുദ്ധ റോസ പറയുന്നു. ജീവിതത്തിലുണ്ടാകുന്ന കുരിശുകളിൽ നിന്ന് ഓടിയൊളിക്കാനുള്ള പ്രലോഭനങ്ങളെ ധൈര്യപൂർവ്വം അതിജീവിക്കാൻ ഈശോയുടെ കുരിശു നമുക്കു ശക്തി തരട്ടെ.

"നിങ്ങൾ നിങ്ങളുടെ കുരിശ് സന്തോഷപൂർവ്വം വഹിച്ചാൽ അതു നിങ്ങളെ വഹിച്ചുകൊള്ളും" (തോമസ് അകെംപിസ്).

# FRATELLI TUTTI

# ഏവരും സോദരർ

റവ. ഡോ. തോമസ് വടക്കേൽ
പാലാ രൂപത



**പ**ത്രോസ്ശ്ലീഹായുടെ പിൻഗാമിയും റോമിന്റെ മെത്രാനുമായ മാർപാപ്പാ കാലാകാലങ്ങളിൽ ചാക്രികലേഖനങ്ങളും (Encyclical) ശ്ലൈഹികപ്രബോധനങ്ങളും (Apostolic Exhortation) സഭാമക്കൾക്കായി നല്കാറുണ്ട്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ ഇത്തരത്തിലുള്ള മൂന്നു ചാക്രികലേഖനങ്ങൾ എഴുതിയിട്ടുണ്ട്. *ലൂമെൻ ഫീദെ* (Lumen Fide) വിശ്വാസത്തിന്റെ വെളിച്ചം (2013), *ലൗദാത്തൊ സീ* (Laudato Si) അങ്ങേയ്ക്കു സ്തുതി (2015) എന്നിവയാണ് ആദ്യ രണ്ടു ചാക്രികലേഖനങ്ങൾ. 2020 ഒക്ടോബർ മാസം മൂന്നാം തീയതി ഇറ്റലിയിലെ അസ്സീസിയിലുള്ള വിശുദ്ധ ഫ്രാൻസിസിന്റെ ദൈവാലയത്തിൽവച്ച് ഫ്രാൻസിസ് മാർപാപ്പാ ഒപ്പു വയ്ക്കുകയും തുടർന്നു പ്രസിദ്ധീകരിക്കുകയും ചെയ്ത *ഫ്രത്തേല്ലി തൂത്തി* (Fratelli Tutti) 'ഏവരും സോദരർ' ആണ് പാപ്പായുടെ മൂന്നാമത്തെ ചാക്രികലേഖനം.

287 ഖണ്ഡികകളിലാണ് ഈ ചാക്രികലേഖനം തയ്യാറാക്കിയിരിക്കുന്നത്. ഇതിന്റെ ആദ്യ 8 ഖണ്ഡികകൾ ആമുഖമായും തുടർന്നുള്ള 279 ഖണ്ഡികൾ എട്ട് അദ്ധ്യായമായും ക്രമീകരിച്ചിരിക്കുന്നു. മനുഷ്യകുലത്തിന് കൈമോശം വന്നുപോയ സാർവ്വത്രിക സാഹോദര്യവും സൗഹൃദവും എപ്രകാരം പുനഃസ്ഥാപിക്കാമെന്നതാണ് ഈ ലേഖനത്തിന്റെ വിഷയം. എല്ലാ ജനതകളോടുമുള്ള തുറവിയിലേക്കും സാർവ്വലൗകികമായ ഒരു സാഹോദര്യഭാവത്തിലേക്കും വിശ്വസാഹോദര്യത്തിലേക്കും ഈ ലേഖനം എല്ലാവരെയും പ്രത്യേകം ക്ഷണിക്കുന്നു. ഭീകരവാദത്തിന്റെയും അസംതൃപ്തിയുടെയും നിരാശയുടെയും അസമാധാനത്തിന്റെയും ഒരു ലോകത്തിൽ പ്രത്യാശ പകരുന്ന പ്രവാചകശബ്ദമാണ് പാപ്പായുടെ വാക്കുകളിൽ മുഴങ്ങുന്നത്.

വി. ഫ്രാൻസിസ് അസ്സീസിയുടെ സാമൂഹ്യസാഹോദര്യത്തിന്റെ ചൈതന്യമാണ് ഫ്രാൻസിസ് പാപ്പായുടെ 'ഫ്രത്തേല്ലി തൂത്തി' എന്ന ചാക്രികലേഖനത്തിന് പ്രചോദനമായത്. വിപ്ലവങ്ങളോ വാദപ്രതിവാദങ്ങളോ അല്ല മറിച്ച് കറകളഞ്ഞ സാഹോദ്യവും സ്നേഹവുമാണ് സമാധാനത്തിന്റെ മാർഗ്ഗമെന്ന് അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് പഠിപ്പിച്ചതിന്റെ വെളിച്ചത്തിലാണ് സകല മനുഷ്യരും സഹോദരന്മാരാണെന്ന് ഫ്രാൻസിസ് മാർപാപ്പാ പ്രബോധിപ്പിക്കുന്നത്. വേർതിരിവുകളുടെ ഒരു ലോകത്ത് ജാതി-മത-വർഗ്ഗ-ദേശ ഭേദമെന്യേ എല്ലാവരും സഹോദരങ്ങളാണെന്നും സ്നേഹത്തിലും സൗഹൃദത്തിലും എല്ലാവരും ജീവിക്കണമെന്നുമുള്ള മാർപാപ്പായുടെ സ്വപ്നമാണ് ഈ ചാക്രികലേഖനത്തിൽ വ്യക്തമായി നിഴലിക്കുന്നത്. ഈശോമിശിഹാ കാണിച്ചുതന്ന സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും കലർപ്പില്ലാത്ത സന്ദേശമാണ് ഫ്രാൻസിസ് മാർപാപ്പാ ഇവിടെ പഠിപ്പിക്കുന്നത്.

ആമുഖത്തിന്റെ ഒന്നാം ഭാഗത്ത് (1-2) പരിശുദ്ധ സുവിശേഷത്തിലധിഷ്ഠിതമായ വിശുദ്ധ ഫ്രാൻസിസിന്റെ 'ഏവരും സോദരർ' എന്ന കാഴ്ചപ്പാട് സ്വീകരിക്കുവാൻ പാപ്പാ എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു. അസ്സീസി പുണ്യവാൻ തന്റെ കൂടെയുള്ളവരെ വിളിച്ചിരുന്നത് 'സഹോദരീസഹോദരന്മാരേ' എന്നാണ്. ഇത് വിശ്വസാഹോദര്യത്തിന്റെ ഭാവമാണ്.

*"ദൈവം പറയുന്നു: ഒരുവനു മറ്റൊരാളെ ആവശ്യമുണ്ടായിരിക്കണമെന്നും എന്നിൽ നിന്നു സ്വീകരിച്ച കൃപകളും ദാനങ്ങളും വിതരണം ചെയ്യുന്നതിൽ എല്ലാവരും എന്റെ ശുശ്രൂഷകരായിരിക്കണമെന്നുമാണ് എന്റെ നിശ്ചയം." (സിയെന്നായിലെ വിശുദ്ധ കാതറൈൻ)*




# നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**




ഷിജി പറപ്പള്ളിയാത്ത്

# അഹറോൻ

**പു**റപ്പാടിന്റെ ചരിത്രത്തിലുട നീളം മോശയോടൊപ്പം അവന്റെ സഹോദരൻ അഹറോനുമുണ്ടായിരുന്നു. അബ്രാമിന്റെയും യോക്കെബെദിന്റെയും മക്കളാണിവർ രണ്ടുപേരും. സഹോദരന്റെ വക്താവും സഹയാത്രികനുമായി പുറപ്പാടിന്റെ നായകരിൽ അഹറോൻ നിൽക്കുന്നു. ഫറവോയുടെ അടിമത്വത്തിൽ നിന്ന് ഇസ്രായേല്യരെ മോചിപ്പിക്കാൻ വിക്കനായ മോശയ്ക്ക് വാക്കും വടിയുമാകാൻ ദൈവം അഹറോനെ തെരഞ്ഞെടുത്തത് നമുക്ക് കണ്ടെത്താനാവും. കർത്താവ് മോശയോടു പറയുന്നു "നിനക്ക് ലേവ്യനായ അഹറോൻ എന്നൊരു സഹോദരൻ ഉണ്ടല്ലോ. അവൻ നന്നായി സംസാരിക്കുമെന്ന് എനിക്കറിയാം.... അവൻ നിനക്കുപകരം ജനത്തോട് സംസാരിക്കും. അവൻ നിന്റെ വക്താവായിരിക്കും. നീ അവന് ദൈവത്തെപ്പോലെയും" (പുറ 4,14-16). കർത്താവിന്റെ ഹിതപ്രകാരം മിദിയാനിൽനിന്ന് ഈജിപ്തിലേക്കുള്ള യാത്രാമദ്ധ്യേ മോശ ദൈവത്തിന്റെ മലയിൽ വച്ച് അഹറോനെ കാണുന്നു. പുറപ്പാടിന്റെ കാലഘട്ടത്തിലെ അത്ഭുതങ്ങളുടെ ഉപകരണമായ അഹറോൻ ജനത്തിന്റെയും മൂപ്പൻമാരുടെയും മദ്ധ്യസ്ഥനാണ്. കൂടാതെ ഫറവോയുടെയും ഇസ്രായേലിന്റെയും മദ്ധ്യസ്ഥനാണ്. അഹറോനെ മോശയുടെ പ്രവാചകനായി ദൈവം നിയോഗിക്കുന്നത് സംഖ്യയുടെ പുസ്തകത്തിൽ നമുക്ക് ദർശിക്കാനാവും. "നിന്റെ സഹോദരനായ അഹറോൻ നിന്റെ പ്രവാചകനായിരിക്കും. ഞാൻ നിന്നോട് കല്പിക്കുന്നതെല്ലാം നീ അഹറോനോട് പറയണം. ഫറവോ തന്റെ രാജ്യത്തിൽനിന്ന് ഇസ്രായേൽക്കാരെ വിട്ടയ്ക്കാൻവേണ്ടി, നിന്റെ സഹോദരൻ അഹറോൻ അവനോട് സംസാരിക്കട്ടെ" (സംഖ്യ 7,1-2). സഹോദരന്റെ വാക്കാകാനുള്ള തെരഞ്ഞെടുപ്പിനെ സന്തോഷത്തോടും തീക്ഷ്ണതയോടും ഗൗരവത്തോടുംകൂടി കരുതുന്ന അഹറോൻ, അപരനെ വിമോചിക്കേണ്ട 'വാക്ക്' ആയിരിക്കണം നാമെന്ന് ചൂണ്ടിക്കാണിക്കുന്നു. നന്മയ്ക്കുവേണ്ടി സഹോദരപക്ഷത്ത് നിലയുറപ്പിച്ചവനെ ദൈവം പ്രവാചകതുല്യനും പുരോഹിതനുമാക്കുന്നു. അഹറോന്റെ ജീവിതവഴി അതാണ് കാണിച്ചുതരിക. അമലേക്യരുമായുള്ള ഇസ്രായേലിന്റെ യുദ്ധത്തിൽ താഴ്ന്നുപോകുന്ന മോശയുടെ കരമുയർത്തി ജനത്തിന്റെ വിജയം ഉറപ്പാക്കാൻ കൈത്താങ്ങായി നിലകൊള്ളുന്ന അഹറോനെ മറക്കാനാവില്ല (പുറ 17,12).

ഇസ്രായേൽ ജനം തെറ്റിന്റെ പക്ഷത്ത് നിൽക്കുമ്പോഴെല്ലാം മോശയോടൊപ്പം അഹറോനും അവരെ തിരുത്തുവാനും തിരികെ നടത്തുവാനും ശ്രമിക്കുന്നു. ദൈവകോപത്തിൽനിന്ന് ജനത്തെ രക്ഷിക്കാൻ മോശയുടെ ആവശ്യപ്രകാരം അവൻ ധൂപകലശമെടുത്ത് ജനത്തിന്റെ നടുവിലേക്ക് ഓടി ധൂപാർച്ചന നടത്തി. മരിച്ചുവീണവരുടെയും ജീവിച്ചിരിക്കുന്നവരുടെയും നടുവിൽ മഹാമാരി നിലയ്ക്കുംവരെ പാപപരിഹാരം ചെയ്യുന്നു അഹറോൻ എന്ന പുരോഹിതശ്രേഷ്ഠൻ. മഹാമാരി അവസാനിച്ചപ്പോൾ അവൻ സമാഗമകൂടാരവാതിൽക്കൽ മോശയുടെ സമീപം തിരിച്ചെത്തുന്നു (സംഖ്യ 16,47-50).. നൊമ്പരത്തിന്റെയും പാപത്തിന്റെയും മഹാമാരിക്കു നടുവിൽ പരിഹാരപ്രാർത്ഥനയുടെ ധൂപകലശമേന്തി ഇന്ന് നിൽക്കേണ്ട പുരോഹിതൻ- ഞാനും നീയുമാകണം. മനസ്സ് മരവിച്ച ഇടങ്ങളിൽ പ്രതീക്ഷയുടെ പുതുമുകുളം നൽകാൻ ആ

നില്പ്പ് ഉപകരിച്ചേക്കും. ഇന്ന് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ദൈവത്തിന്റെ വക്താവാകുവാൻ ലോകത്തിന്റെ മദ്ധ്യസ്ഥരാകുവാൻ സഭാമക്കൾക്ക് കടമയുണ്ട്. അഹറോന്റെ പുരോഹിത തെരഞ്ഞെടുപ്പിനെക്കുറിച്ച് നാം ഇപ്രകാരം കാണുന്നു "പുരോഹിതനായി എനിക്ക് ശുശ്രൂഷ ചെയ്യാൻവേണ്ടി അഹറോനെയും പുത്രൻമാരെയും അഭിഷേകം ചെയ്യുകയും വേർതിരിച്ച് നിർത്തുകയും ചെയ്യുക" എന്ന് മോശയോട് കർത്താവ് കല്പിച്ചു (പുറ 30,30). അഹറോനെ അണിയിക്കുവാനുള്ള പുരോഹിതവസ്ത്രം രൂപകല്പനചെയ്യേണ്ടവിധവും ദൈവം തന്നെ പറഞ്ഞുകൊടുക്കുന്നു. "വിശിഷ്ടമായ തിരുവസ്ത്രങ്ങൾകൊണ്ട് അവിടുന്ന് അവനെ അനുഗ്രഹിച്ചു; മഹിമയേറിയ മേലങ്കി അവനെ അണിയിച്ചു; മഹിമയുടെ പൂർണ്ണത അവനെ അണിയിച്ചു. അധികാരചിഹ്നങ്ങൾ നൽകി അവിടുന്ന് അവനെ ശക്തനാക്കി... അവന്റെ തലപ്പാവിൽ സ്വർണ്ണം കൊണ്ടുള്ള കിരീടം അണിയിച്ചിരിക്കുന്നു; അതിൽ ഒരു മുദ്രയിലെന്ന പോലെ വിശുദ്ധി എന്ന് കൊത്തിയിരിക്കുന്നു" (പ്രഭാ 45,7-12).



വിശുദ്ധിയുടെ വസ്ത്രം നൽകപ്പെട്ട പുരോഹിതനാണ് അഹറോൻ. പുരോഹിതഗണമായ സഭാമക്കൾ ഓരോരുത്തരും വിശുദ്ധി എന്ന് എഴുതപ്പെട്ട വസ്ത്രം തന്നെയാണ് അണിയേണ്ടത്. വിശുദ്ധരായി ജീവിക്കാനും മറ്റുള്ളവരെ വിശുദ്ധിയിലേക്ക് ആനയിക്കാനുമുള്ള ദൗത്യം നമുക്ക് നൽകപ്പെട്ടിട്ടുണ്ട് എന്ന ബോധ്യവും വേണം. പുരോഹിത ധർമ്മം എങ്ങനെ നിർവഹിക്കണമെന്ന് കർത്താവ് അഹറോനോടു പറയുന്നുണ്ട് "വിശുദ്ധവും അവിശുദ്ധവും ശുദ്ധവും അശുദ്ധവും നിങ്ങൾ വേർതിരിച്ചറിയണം. കർത്താവ് മോശവഴി കല്പിച്ചിട്ടുള്ളതെല്ലാം അനുഷ്ഠിക്കാൻ നിങ്ങൾ ഇസ്രായേൽജനത്തെ പഠിപ്പിക്കുകയും വേണം" (ലേവ്യ 10,10-11). പുരോഹിതഗണമെന്ന നിലയിൽ സഭാമക്കളോട് ഈശോ പറയുന്നത് മറ്റൊന്നല്ല, അഹറോന്റെ അധികാരസ്ഥാനം എത്രമഹനീയമാണെന്ന് നോക്കുക. അഹറോന്റെ അധികാരത്തെ ചോദ്യം ചെയ്തവർക്ക് നിദർശമായി

അവന്റെ തളിർത്ത വടി ദൈവാലയത്തിലെ വിശുദ്ധ വസ്തുക്കളോടൊപ്പം സൂക്ഷിക്കപ്പെട്ടു. "അവരുടെ പിറുപിറുപ്പ് അവസാനിപ്പിക്കുന്നതിനും അവർ മരിക്കാതിരിക്കുന്നതിനും കലഹ ക്കാർക്ക് ഒരടയാളമായി സൂക്ഷിക്കുന്നതിനുംവേണ്ടി അഹറോന്റെ വടി സാക്ഷ്യപേടകത്തിന്റെ മുമ്പിൽ വയ്ക്കുക" (സംഖ്യ 17,10). സാക്ഷ്യപേടകത്തിന്റെ മുമ്പിൽ സന്ധ്യമുതൽ പ്രഭാതംവരെ വിളക്ക് എപ്പോഴും കത്തിനില്ക്കാൻ അഹറോനും അവന്റെ പുത്രന്മാരും ശ്രദ്ധിക്കണം എന്ന് കർത്താവ് ആഗ്രഹിക്കുന്നു. ലോകത്തിൽ ദൈവസാന്നിദ്ധ്യത്തിന്റെ തിരിവെട്ടം അണയാതിരി ക്കാനുള്ള പുരോഹിതധർമ്മം ഇന്നും വിലപ്പെട്ടത് തന്നെ. ഇരുളടഞ്ഞ മനുഷ്യമനസ്സുകളിൽ പ്രഭാതത്തിന്റെ പ്രകാശം വിടരുവോളം അണയാത്ത ദൈവസ്നേഹത്തിന്റെ അഗ്നി ലോക ത്തിൽ തെളിഞ്ഞു നിൽക്കണം.

വിശുദ്ധ മന്ദിരത്തിന്റെയും ബലിപീഠത്തിന്റെയും ചുമതലകൾ അഹറോന്റെ തലമുറയ്ക്കു ള്ളതാണ്. അതിനുള്ള ഓഹരി ദൈവമാണ് അവന് നൽകുന്നത്. കർത്താവ് അഹറോനോട് അരുളിചെയ്യുന്നുണ്ട് "ഇസ്രയേലിൽ നിനക്ക് ഭൂമി അവകാശമായി ലഭിക്കുകയില്ല; അവരെപോലെ നിനക്ക് ഒരു ഓഹരിയും ഉണ്ടായിരിക്കുകയില്ല. ഞാനാണ് നിന്റെ അവകാശവും ഓഹരിയും (സംഖ്യ 17,20). കർത്താവ് അവകാശവും ഓഹരിയുമായുള്ളവനാണ് പുരോഹിതനെന്നും അവനെ സന്തുഷ്ടനും സമ്പന്നനുമാക്കുന്നത് ബലിപീഠമാണെന്നും ഇതിൽ നിന്ന് വ്യക്തമാണ്. അവി ടുന്ന് പറയുന്നു "ഇസ്രായേല്യർ ആദ്യഫലമായി കർത്താവിന് സമർപ്പിക്കുന്ന ഏറ്റവും വിശി ഷ്ടമായ എണ്ണയും വീഞ്ഞും ധാന്യവും ഞാൻ നിനക്ക് നൽകുന്നു. അവർ കർത്താവിന് കൊണ്ടു വരുന്ന തങ്ങളുടെ ദേശത്തെ ആദ്യം പാകമാകുന്ന ഫലങ്ങൾ നിനക്കുള്ളതായിരിക്കും. നിന്റെ കുടുംബത്തിലെ ശുദ്ധിയുള്ളവർക്കെല്ലാം അതിൽനിന്ന് ഭക്ഷിക്കാം" (സംഖ്യ 18,12-13).

കർത്താവിന്റെ പുരോഹിതശുശ്രൂഷയ്ക്ക് നിയുക്തനായ അഹറോൻ വാക്ചാതുര്യമുള്ള വനെങ്കിലും ചഞ്ചലഹൃദയനായിരുന്നു. മോശ സീനാമലയിൽനിന്ന് ഇറങ്ങിവരാൻ വൈകിയ പ്പോൾ കാളക്കുട്ടിയെ ഉണ്ടാക്കി ഇസ്രായേൽക്കാരെ തൃപ്തിപ്പെടുത്തുന്ന അഹറോൻ (പുറ 32,1 -6). വീണ്ടും മെരീബാജലായത്തിൽവച്ച് മോശയോടൊപ്പം അഹറോനും മത്സരിക്കുന്നു (സംഖ്യ 20,10). കർത്താവിന്റെ കല്പന ധിക്കരിച്ചതിനാൽ അദ്ദേഹം വാഗ്ദത്തഭൂമിയിൽ കാലുകുത്തു ന്നില്ല. ഏദോം രാജ്യാതിർത്തിയിലുള്ള ഹോർമലയിൽവച്ച് കർത്താവിന്റെ നിർദ്ദേശപ്രകാരം മോശ അഹറോനെയും പുത്രൻ ഏലിയാസറിനെയും കൂട്ടികൊണ്ട് ഹോർ മലയിലേക്ക് പോയി അവിടെ വച്ച് മോശ അഹറോന്റെ വസ്ത്രമൂരി മകൻ ഏലിയാസറിനെ ധരിപ്പിച്ചു. അഹറോൻ തന്റെ പിതാക്കന്മാരോട് ചേർന്നു. മോശയും ഏലിയാസറും മലയിൽനിന്ന് ഇറങ്ങിപ്പോന്നു. അഹറോനെ ഓർത്ത് ഇസ്രായേൽ ജനം മുപ്പതുദിനം ദുഃഖമാചരിച്ചു.

**അഹറോൻ നൽകുന്ന ചില ഓർമ്മപ്പെടുത്തലുകൾ**

1. *മദ്ധ്യസ്ഥനാകാനുള്ള വിളി*
2. *വിശുദ്ധ വസ്ത്രം അണിയാനുള്ള വിളി*
3. *ദൈവഹിതത്തോടുള്ള വിശ്വസ്തത*
4. *കർത്താവാണ് അവകാശവും ഓഹരിയും എന്ന ബോധ്യം*

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിൽ വലിയ നോമ്പുകാലത്തേക്കു നാം പ്രവേശിക്കുകയാണല്ലോ. മനുഷ്യഹൃദയത്തിൽനിന്നു പാപത്തെ വേരോടെ ഉന്മൂലനം ചെയ്ത് ദൈവജനത്തെ മാനസാന്തരത്തിലേക്കും ഹൃദയവിശുദ്ധിയിലേക്കും ആനയിക്കുവാനുള്ള അവസരമാണ് നോമ്പുകാലം. ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസവും പ്രാർത്ഥനയുമാണ് വലിയ നോമ്പിന്റെ അടിസ്ഥാനം. ജീവിതനവീകരണമാണ് നോമ്പിന്റെ അന്തർധാര. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളർന്ന് മിശിഹായോട് അനുരൂപപ്പെട്ട് വിശുദ്ധിയിൽ വളരാൻ നോമ്പുകാലത്തെ ഉപവാസവും പ്രാർത്ഥനയും സഹായകരമാകണം. പാപബദ്ധമായ മനുഷ്യപ്രകൃതിയിൽ കുടികൊള്ളുന്ന പഴയമനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് (കൊളോ 3,5-9), വിശുദ്ധിയാകുന്ന പുതിയ മനുഷ്യനെ അഥവാ മിശിഹായെ (കൊളോ 3,12-14) ധരിക്കുവാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്ത് പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ നമുക്കു പരിശ്രമിക്കാം. സ്നേഹാശംസകളോടെ,

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, പാലാരൂപതകളിലുള്ള സൊദാലെസ് വൈദികർ അതാതു രൂപതകളിലായി സെനക്കിൾ സൗഹൃദസമ്മേളനങ്ങൾ 2020 ഡിസംബർ 9, 13, 14, 2021 ജനുവരി 5 എന്നീ തീയതികളിൽ നടത്തുകയും "Constitution: Commentary Directory" എന്ന പുസ്തകം പഠനവിഷയമാക്കുകയും എല്ലാവരും ചർച്ചയിൽ സജീവമായി പങ്കുചേരുകയും ചെയ്തു. കാഞ്ഞിരപ്പള്ളി മുണ്ടക്കയത്ത് 9 പേരും, ചങ്ങനാശ്ശേരി പള്ളിക്കൂട്ടുമ്മയിൽ 13 പേരും സ്പിരിച്ച്വാലിറ്റി സെന്ററിൽ 8 പേരും പാലാ അപ്രേം സെമിനാരിയിൽ 11 പേരും ഉണ്ടായിരുന്നു. 2021 ജനുവരി 13-ാം തീയതി സ്പിരിച്ച്വാലിറ്റി സെന്ററിൽ 20 സൊദാലെസ് വൈദികരും, 14-ാം തീയതി 9 ആസ്പിരൻസ് വൈദികരും ഒരുമിച്ചുകൂടി പുതുവത്സര സെനക്കിൾ സമ്മേളനം നടത്തുകയും സെനക്കിൾ ആദ്ധ്യാത്മികതയെപ്പറ്റി പഠിക്കുകയും ചർച്ചയിൽ പങ്കുചേരുകയും ചെയ്തു. മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ ക്ലാസ്സുകൾ നയിക്കുകയും എല്ലാവരും സെനക്കിൾ സൗഹൃദം നവീകരിക്കുകയും ചെയ്തു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# അപരാധങ്ങൾ നീക്കണമേ പാപകടങ്ങൾ മായ്ക്കണമേ


**റവ. ഫാ. മാത്യു കുമ്പുളുങ്കൽ**
**പാലാ രൂപത**


**അ**നുതാപകീർത്തനം പ്രത്യേകം ഉരുവിടുന്ന സമയമാണ് നോമ്പുകാലം. പാപപരിഹാരക്രിയകൾ വ്യക്തിപരമായ നിയോഗത്തിൽ മാത്രം ചെയ്താൽ പോരെന്നാണ് സഭ നമ്മോടു പറയുന്നത്. "ഏതാനും വ്യക്തികളെ മാത്രമല്ല, എല്ലാവരെയും ഒന്നിച്ചു വീണ്ടെടുക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. പുതിയനിയമത്തിൽ സഭ സ്ഥാപിച്ചത് സാമൂഹികമാനത്തോടെയാണ്. തന്നെപ്പറ്റിയും തന്റെ ആത്മാവിനെപ്പറ്റിയും മാത്രം ചിന്തിക്കുന്നവൻ സമൂഹവിരുദ്ധനായി ജീവിക്കുന്നു. എന്റെ മാത്രം രക്ഷയെന്നത് സ്വർഗ്ഗത്തിലും ഭൂമിയിലും അസാധ്യമാണ്. പകരം നമ്മൾ പരസ്പരം രക്ഷയുടെ ഉത്തരവാദിത്വമുള്ളവരാണ്" (*YOUCAT*, 122). പഴയനിയമത്തിലും രക്ഷയുടെ ഉത്തരവാദിത്വം സമൂഹം മുഴുവനും പേറുന്നുണ്ട്. ഇസ്രായേലിന്റെ എല്ലാ ഗോത്രങ്ങളുടെയും ഉത്തരവാദിത്വം പുരോഹിതനെന്ന നിലയിൽ അഹറോനു സവിശേഷമായിട്ടുണ്ട്: "അഹറോൻ വിശുദ്ധസ്ഥലത്തു പ്രവേശിക്കുമ്പോൾ ഇസ്രായേലിന്റെ പുത്രന്മാരുടെ പേരുകൾ കൊത്തിയിട്ടുള്ള ന്യായവിധിയുടെ ഉരസ്ത്രാണം ധരിക്കണം. അങ്ങനെ കർത്താവിന്റെ സന്നിധിയിൽ അവർ നിരന്തരം സ്മരിക്കപ്പെടും" (പുറ 28,29). ഈ ഗോത്രങ്ങൾ അവരുടെ പിതാക്കന്മാരുടെ സ്വാധീനം പേറുന്നവരാണ്. പുരോഹിതന്റെ മാർച്ചട്ടയിൽ പേര് എഴുതിച്ചേർക്കപ്പെട്ട് വിശുദ്ധസ്ഥലത്ത് അനുസ്മരിക്കപ്പെടാൻ യോഗ്യരാണോ ഈ ഗോത്രങ്ങളെന്ന് നമുക്ക് പരിശോധിക്കാം.

പന്ത്രണ്ടു ഗോത്രപിതാക്കന്മാരുടെയും സ്വഭാവമഹിമ അവരുടെ പിതാവായ യാക്കോബുതന്നെ വിവരിക്കുന്നുണ്ട് (ഉത്പ 49,1-27). അതുകൊണ്ടുതന്നെ ഇത് വിശ്വാസയോഗ്യവുമാണ്. റൂബൻ അഹങ്കാരത്തിലും ശക്തിയിലും മുമ്പനാണ്. അഹങ്കാരത്തിന്റെയും ശക്തിയുടെയും സങ്കലനം മാരകമായ ഭവിഷ്യത്തുകളുണ്ടാക്കും. ശിമയോന്റെയും ലേവിയുടെയും വാളുകൾ അക്രമത്തിന്റെ ആയുധങ്ങളാണ്. അവർ വാളുപയോഗിക്കുന്നത് പ്രതിരോധിക്കാനല്ല, മറിച്ച് കടന്നുകയറി അക്രമിക്കാനാണ്: "തങ്ങളുടെ കോപത്തിൽ അവർ മനുഷ്യരെ കൊന്നു" (49,6) അക്രമവും രക്തച്ചൊരിച്ചിലും ശൃംഖലയായി തുടരുന്ന യാഥാർത്ഥ്യങ്ങളാണ്. വാളുയർത്തിയവരുടെ ഭവനങ്ങളിൽ നിന്ന് വാളൊരിക്കലും ഒഴിഞ്ഞുപോകാറില്ല. കൂടാതെ ഇരുവരും ഗൂഢാലോചനക്കാരുമാണ്. അക്രമത്തിനുള്ള സമയവും സാഹചര്യവും മെനയാനാണ് മിച്ചമുള്ള സമയം ഇവരിരുവരും ഉപയോഗിക്കുന്നത്.

ചുരുക്കത്തിൽ സമാധാനം എന്തെന്ന് ഈ ഗോത്രപിതാക്കന്മാർ അറിഞ്ഞിട്ടില്ല. യൂദായുടെ കരങ്ങൾ ശത്രുവിന്റെ കഴുത്തിൽ പതിക്കും. അവനൊരു സിംഹക്കുട്ടിയാണ്. ഭരണത്തിന്റെ ചെങ്കോൽ അവനുള്ളതാണ്. രാജകീയജീവിതം അവനു സ്വന്തമാണ്: തന്റെ ഉടുപ്പു വീഞ്ഞിലും മേലങ്കി മുന്തിരിച്ചാറിലും കഴുകും. സെബുലൂൺ വ്യാപാരം നടത്തുന്നവനാണ്. തുറമുഖത്ത് അടുക്കുന്ന കപ്പലുകളിൽ അവനുള്ള വ്യാപാരസാധനങ്ങൾ വന്നുചേരും. ഇസ്സാക്കറിന് അധ്വാനം ഒഴിഞ്ഞിട്ട് നേരമുണ്ടാകില്ല. അവൻ ചുമടുകൾക്കിടയിൽ കിടക്കുന്നു. ദാൻ ഏറ്റവും അപകടകാരിയാണ്. ശിമയോനും ലേവിയും പടയുമായി വരുന്നത് മനുഷ്യർ അറിയും. എന്നാൽ ദാൻ വഴിവക്കിലെ സർപ്പത്തെപ്പോലെയും പാതയിലെ അണലിയെപ്പോലെയുമാണ്. മാരകവിഷം ഒളിപ്പിച്ച് അവൻ വഴിയരുകിലെ പുല്ലുകൾക്കിടയിൽ പതിയിരിക്കുന്നു. കുതികാലിൽതന്നെ അവൻ കടിക്കും. കടിയേറ്റവൻ രക്തംവിയർത്ത് സകല നാഡികളും തളർന്ന് മരിക്കും. ഗാദ് അക്രമിക്കപ്പെട്ടാലും ശത്രുവിനെ തോൽപ്പിച്ചോടിക്കാൻ കഴിവുള്ളവനാണ്. ആഷേർ സുഖസുഷുപ്തിയിൽ ജീവിക്കും. അവന്റെ മേശമേൽ വിരുന്നിന്റെ വിഭവങ്ങൾ നിറഞ്ഞിരിക്കും. അവന്റെ ചഷകങ്ങളിൽ മേന്മയേറിയ വീഞ്ഞ് കവിഞ്ഞൊഴുകും. നഫ്താലി മൃദുലവാക്കുകൾ സംസാരിക്കുന്നവനാണ്. ആരും അവന്റെ സൗഹൃദം കൊതിക്കും. ഒരു പേടമാനെപ്പോലെ അവൻ സൗമ്യനാണ്. ജോസഫ് ഏറ്റവും ഉന്നതാണ്. "നീരുറവയ്ക്കരികേ നിൽക്കുന്ന ഫലസമൃദ്ധമായ വൃക്ഷമാണ്" അവൻ (49,22). അവനെക്കുറിച്ച് പറയുമ്പോൾ യാക്കോബ് ശക്തനായ ദൈവത്തെ, ഇസ്രായേലിന്റെ പാറയായ ഇടയനെ, പ്രത്യേകം അനുസ്മരിക്കുന്നു (49,24). പിതാവിന്റെ അനുഗ്രഹം അവന്റെ മൂർധാവിൽ വർഷിക്കപ്പെടട്ടെ (49,26) എന്നാണ് യാക്കോബ് അനുഗ്രഹിക്കുന്നത്. അനുഗ്രഹം അവന്റെമേൽ ലേപനംപോലെ പൂശപ്പെട്ടാൽ പോരാ, മഴപോലെ പെയ്യണം എന്ന് യാക്കോബ് ആഗ്രഹിക്കുന്നു. ബഞ്ചമിനെക്കുറിച്ച് പറയുന്നത് അവൻ ആർത്തിയുള്ള ചെന്നായയാണെന്നാണ്. അവൻ വയ്ക്കാത്തിടത്തുനിന്ന് എടുക്കുന്നവനാണ്; കവർച്ച ചെയ്യാൻ മടിയില്ലാത്തവൻ.

മുകളിലെ വിവരണത്തിന്റെ അടിസ്ഥാനത്തിൽ ജോസഫും നഫ്ത്താലിയും മാത്രമെ വിശുദ്ധസ്ഥലത്ത് അനുസ്മരിക്കപ്പെടാൻ യോഗ്യരായിട്ടുള്ളൂ. മാനുഷികമായ അളവുകോലുപയോഗിക്കുമ്പോൾ മറ്റാരും വിശുദ്ധസ്ഥലത്തിന് യോഗ്യരല്ല. എന്നാൽ ദൈവം മോശവഴി ആവശ്യപ്പെട്ടത് അഹങ്കാരിയെയും അക്രമം കാണിക്കുന്നവനെയും ഗൂഢാലോചനക്കാരനെയും വിഷം കടിച്ചു കയറ്റുന്നവനെയും വ്യാപാരം ചെയ്യുന്നവനെയും വിയർപ്പിൽ കുളിച്ചുനിൽക്കുന്നവനെയും ഭരണം നടത്തുന്നവനെയും ശത്രുവിനെ തുരത്തി ഭവനം കാക്കുന്നവനെയും ആർത്തിക്കാരനെയുംകൂടി ഓർമ്മിക്കാനാണ്. അവരെ വെറുതെ ഓർമ്മിച്ചാൽ പോരാ, മറിച്ച് അവരുടെയൊക്കെ പേരുകൾ പ്രധാനപുരോഹിതന്റെ മാർച്ചട്ടയിൽ കൊത്തി




വയ്ക്കപ്പെട്ടണം. പ്രധാനപുരോഹിതൻ അവരെ വിസ്മരിക്കാൻ പാടില്ല.

പുതിയനിയമത്തിൽ എല്ലാവരും മിശിഹായുടെ പൗരോഹിത്യത്തിൽ മാമ്മോദീസാവഴി പങ്കുകാരാണ്. രാജകീയപുരോഹിതവംശമാണ് സഭാതനയർ (1 പത്രോ 2,9). അവർ പങ്കുചേരുന്നത് ഈശോമിശിഹായുടെ കളങ്കരഹിതമായ രക്തം ചിന്തപ്പെടുന്ന മദ്ബഹയാകുന്ന ശ്രീകോവിലിലെ ബലിയിലാണ്. നിർജ്ജീവപ്രവർത്തികളിൽനിന്ന് നമ്മുടെ അന്തഃകരണത്തെ വിശുദ്ധീകരിക്കാൻ കഴിവുള്ള ബലിയാണിത് (ഹെബ്രാ 9,14). ആരാധനാക്രമത്തിലെ തങ്ങളുടെ ധർമ്മം അനുഷ്ഠിക്കുന്നതുവഴി പരിശുദ്ധ കുർബാന അർപ്പിക്കുമ്പോൾ സമൂഹംമുഴുവനും "കാർമ്മികൻ" ആണെന്ന് സഭ പഠിപ്പിക്കുന്നു (CCC 188). കുർബാനയർപ്പണത്തിന് ദൈവാലയത്തിൽ പ്രവേശിക്കുമ്പോൾ കാർമ്മികർ എന്ന നിലയിൽ ജീവിതത്തിൽ നമ്മൾ പരിചയപ്പെട്ട എല്ലാ തരക്കാരെയും ഓർമ്മിക്കേണ്ടതുണ്ട്. എല്ലാവരും രക്ഷ പ്രാപിക്കണമെന്ന് ആഗ്രഹിക്കുന്ന ദൈവമാണ് നമ്മുടേത്. ആരും തനിയെ രക്ഷ പ്രാപിക്കുന്നില്ലെന്ന സത്യം നമ്മുടെ മനസ്സിനെക്കൊണ്ട് അംഗീകരിപ്പിക്കുകയാണ് വേണ്ടത്. നമ്മുടെ കുതികാലിൽ കടിച്ചവനെയും നമുക്കെതിരെ ഗൂഢാലോചന നടത്തിയവരെയും നമ്മുടെ സത്പേരിനെ ആക്രമിച്ചവരെയും ആർത്തിപൂണ്ട് നമ്മെ കവർച്ച ചെയ്തവരെയും മദ്ബഹയിൽ അർപ്പിക്കപ്പെടുന്ന മിശിഹായുടെ ബലിയിൽ നാം ചേർത്തുവയ്ക്കുന്നു. മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുകാരെന്ന നിലയിൽ നമ്മുടെ മാർച്ചട്ടയിൽത്തന്നെ അവരുടെ പേരുകൾ കൊത്തിവയ്ക്കാനാണ് പിതാവായ ദൈവം നമ്മോട് ആവശ്യപ്പെടുന്നത്.

മാനവരാശിയെ മുഴുവൻ ഒരു ഗണമായിട്ടെടുത്താണ് പൗലോസ് സംസാരിക്കുന്നത്. "ശരീരം ഒന്നാണെങ്കിലും അതിൽ പല അവയവങ്ങൾ ഉണ്ട്. അവയവങ്ങൾ പലതെങ്കിലും അവയെല്ലാം ചേർന്ന് ഏകശരീരമായിരിക്കുന്നു" (1 കോറി 12:12). തിരുസഭ ഒരു ഗണമെന്ന നിലയിൽ കൂട്ടുത്തരവാദിത്തം പേറുന്നു. പാപത്തിനു പരിഹാരം പാപി തന്നെ ചെയ്യണമെന്നു വാശി പിടിക്കുന്നത് ക്രൈസ്തവദർശനമില്ലാത്തവരാണ്. പൗലോസ് വിശദമാക്കുന്നു: "മാന്യങ്ങളല്ലെന്നു കരുതപ്പെടുന്ന അവയവങ്ങൾക്ക് നമ്മൾ കൂടുതൽ മാന്യത കൽപ്പിക്കുകയും ഭംഗി കുറഞ്ഞവയെന്നു കരുതപ്പെടുന്നവയെ കൂടുതൽ അലങ്കരിക്കുകയും ചെയ്യുന്നു" (1 കോറി 12,23). പാപം വർജ്ജിക്കാൻ വ്യക്തിപരമായി നമ്മൾ പ്രത്യേകം ശ്രദ്ധ ചെലുത്തുന്ന കാലമാണ് നോ

മ്പുകാലം. കൂടാതെ ഉപവാസം, ഇഷ്ടവിഭവങ്ങളുടെ വർജ്ജനം തുടങ്ങിയവവഴി മുമ്പു ചെയ്തുപോയ തെറ്റുകൾക്ക് നമ്മൾ ഇക്കാലത്ത് പ്രത്യേകം പരിഹാരവും അനുഷ്ഠിക്കുന്നു. എന്നാൽ പൗലോസ്ശ്ലീഹാ നമ്മോടു പറയുന്നത് തെറ്റുകൾവഴി ഭംഗി കുറഞ്ഞുപോയവരെയും മാന്യത നഷ്ടമാക്കിയവരെയും നമ്മുടെ പരിഹാരപ്രവൃത്തികൾവഴി കൂടുതൽ അലങ്കരിക്കണമെന്നാണ്. ചുറ്റുവട്ടത്തിൽ ആർക്കെങ്കിലും ഭംഗിക്കുറവുണ്ടെന്നു കരുതുന്നുണ്ടോ? പ്രാർത്ഥനയും പരിഹാരപ്രവർത്തികളും വഴി അവർ അറിയാതെതന്നെ അവരെ നമ്മൾ അലങ്കരിച്ചുതുടങ്ങണം.

ഈശോയുടെ അന്ത്യത്താഴരംഗം ആവർത്തിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. ഇസ്രായേൽഗോത്രങ്ങളുടെ കുടിലതയും ദുരാഗ്രഹവും അക്രമപാതയും ശരീരമെടുത്തവനാണ് യൂദാസ് സ്കറിയോത്ത. എന്നാൽ ഈശോ അപ്പക്ഷണം വീഞ്ഞിൽമുക്കി ആദ്യം നല്കുന്നത് അവനാണ് (യോഹ 13,26). അവനാകട്ടെ അതു സ്വീകരിച്ചയുടനെ പുറത്തുപോയി. അപ്പോൾ രാത്രിയായിരുന്നു എന്ന് യോഹന്നാൻശ്ലീഹാ പറയുന്നു. പുറത്തല്ലായിരുന്നു, യൂദാസിന്റെ ഉള്ളിലായിരുന്നു അപ്പോൾ രാത്രി എന്ന് അഗസ്തീനോസ് പിതാവ് ഈ വാക്യത്തെ വ്യാഖ്യാനിക്കുന്നു. സമൂഹത്തിന്റെ ഉത്തരവാദിത്വത്തിൽമാത്രം ഒരുവന്റെ രക്ഷ പൂർണ്ണമാകുന്നില്ല. എല്ലാവരെയും നമ്മൾ ബലിപീഠത്തിൽ അനുസ്മരിക്കുന്നു. ആ ബലിപീഠത്തിന്റെ ഫലം സ്വീകരിക്കാതെ പുറത്തുള്ള അന്ധകാരത്തിലേക്ക് പിൻവാങ്ങുന്നവനെ രക്ഷിക്കാൻ ദൈവത്തിനു പോലുമാകില്ല.

നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ എന്ന ഈശോയുടെ കല്പന പരിശുദ്ധ ബലിപീഠത്തിൽ പൂർത്തിയാക്കാൻ നമുക്കു കഴിയട്ടെ. ബന്ധുക്കളെയും ഉപകാരികളെയും ഓർമ്മിക്കുന്നതുപോലെ വിലാവിൽ കുത്തിയവരെയും കുതികാൽ വെട്ടിയവരെയും ബലിപീഠത്തിൽ നമ്മൾ അനുസ്മരിക്കണം. സങ്കീർത്തകൻ വിലപിക്കുന്നു: "ശത്രുവല്ല എന്നെ നിന്ദിക്കുന്നത്; എതിരാളിയല്ല എന്നോടു ധിക്കാരപൂർവ്വം പെരുമാറുന്നത്... എന്നാൽ, എന്റെ സഹചരനും ചങ്ങാതിയും ഉറ്റസ്നേഹിതനുമായിരുന്ന നീ തന്നെയാണ് അതു ചെയ്തത്. നമ്മൾ ഉള്ളുതുറന്ന് സംസാരിക്കുമായിരുന്നു; നമ്മളൊന്നിച്ചു ദേവാലയത്തിൽ കൂട്ടായ്മ ആചരിക്കുമായിരുന്നു" (സങ്കീ 55,12-14). യൂദാസിനെ നോക്കിയുള്ള ഈശോയുടെ വിലാപംതന്നെയാണിത്. എന്നാൽ അവനെ ഉൾപ്പെടുത്താതെ അവസാന പെസഹാ ആചരിക്കുവാൻ ദൈവപുത്രനു കഴിഞ്ഞില്ല. രക്ഷയുടെ അവസാനവാതിലായിരുന്നു യൂദാസിന് ആ അത്താഴം. ഈശോമിശിഹായുടെ രക്ഷയുടെ മേശയിലേക്ക് എല്ലാവരെയും നമുക്ക് ആനയിക്കാം. എല്ലാവർക്കും വേണ്ടി നമുക്ക് അപേക്ഷിക്കാം: "അപരാധങ്ങൾ നീക്കണമേ, പാപകടങ്ങൾ മായ്ക്കണമേ."

*"വീഴ്ചയ്ക്കുശേഷം ഉടനെ എഴുന്നേല്ക്കുക. ഒരു നിമിഷത്തേക്കുപോലും പാപം നിങ്ങളുടെ ഹൃദയത്തിൽ വച്ചു താമസിപ്പിക്കരുത്."*

*വിശുദ്ധ ജോൺ മരിയ വിയാന്നി*

*"നാം ജനിച്ചത് പരസ്പരം വെറുക്കുന്നതിനും യുദ്ധം ചെയ്യുന്നതിനുംവേണ്ടിയല്ല. പ്രത്യുത പരസ്പരം സ്നേഹിക്കുന്നതിനും സഹായിക്കുന്നതിനുംവേണ്ടിയാണ്."*

*ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ*



# അയ്യോ... കുരിശ്!

സാബി കോഴിക്കോട്

**സ്കാ**നിങ് റൂമിന്റെ വരാന്തയിൽ വീൽ ചെയറുകളുടെ നീണ്ട ക്യൂവിൽവച്ചാണ് ഞാൻ ലിസിമോളെ പരിചയപ്പെട്ടത്. പണ്ടൊക്കെ വീൽ ചെയറുകാർക്ക് മുൻഗണനയുണ്ടായിരുന്നു. എന്നാലിപ്പോൾ അഡ്മിറ്റായവരും ഔട്ട് പേഷ്യൻസും ഒരേ തട്ടിൽ. രണ്ടു കൂട്ടരും രോഗികളാണല്ലോ? സ്കാനിങിനായി കൊണ്ടുവന്നപ്പോൾ മുതൽ ലിസിമോളുടെ ഫോൺ നിർത്താതെ അടിക്കുന്നുണ്ട്. എന്നാൽ അവൾ പ്രതികരിക്കാൻ കൂട്ടാക്കുന്നേയില്ല. സഹികെട്ട് ഞാൻ ചോദിച്ചു: "മോളേ... നിനക്കാ ഫോൺ എടുത്തുകൂടേ? വിളിക്കുന്നവരെ എന്തിനാ തീ തീറ്റിക്കുന്നത്?" മറുപടി കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണുനീർതുള്ളികളായിരുന്നു. സാവധാനം അവൾ തന്റെ ജീവിതം പങ്കുവച്ചു.

''അഡ്മിറ്റാക്കിയപ്പോൾമുതൽ ഫോൺകോളുകളുടെ ശരവർഷമാണ്. എന്നാൽ ഒരാൾപോലും 'നിനക്കു സുഖമാണോ? സാരമില്ല' എന്ന വാക്കു പറഞ്ഞില്ല. പകരം രോഗം അവൾ മനഃപൂർവ്വം വരുത്തിവച്ചതാണെന്ന മട്ടിലുള്ള ശകാരം മാത്രം. മരുമകൾക്കായി പതിച്ചു കൊടുത്തിരുന്ന അടുക്കളജോലി തല്ക്കാലത്തേയ്ക്ക് ഏറ്റെടുക്കേണ്ടി വന്നതിലുള്ള അമ്മായിയമ്മയുടെ അമർഷം... വീട്ടിലെ കാശൊക്കെ ഹോസ്പിറ്റലുകാർ അടിച്ചെടുക്കുന്നതിൽ അമ്മായിയപ്പനുള്ള രോഷം... ജോലിയും മക്കളെ നോട്ടവും ഒരുമിച്ചുകൊണ്ടുപോകാൻ പെടാപ്പാടുപെടുന്ന ഭർത്താവിന്റെ ജല്പനങ്ങൾ... 'അവൾക്കെന്താ, ഹോസ്പിറ്റലിൽ പോയി സുഖിച്ചു കിടന്നാൽ പോരേ' എന്ന നാത്തൂൻമാരുടെ കുത്തുവാക്കുകൾ... എല്ലാം കേൾക്കുമ്പോൾ ഈ ജീവിതം ഒന്നു തീർന്നു കിട്ടിയിരുന്നെങ്കിൽ എന്നു തോന്നുവാ. പിന്നെ എട്ടും പൊട്ടും തിരിയാത്ത മക്കളെ ഓർക്കുമ്പോൾ ജീവിക്കാതിരിക്കാനും വയ്യ". അവളെ എങ്ങനെ ആശ്വസിപ്പിക്കണമെന്നറിയാതെ ഞാൻ വെപ്രാളപ്പെടുമ്പോൾ ഭാഗ്യത്തിന് അകത്തുനിന്നും ലിസിമോളുടെ

പേരു വിളിച്ചു.

സത്യത്തിൽ നമുക്കുചുറ്റും വെന്തുനീറുന്ന എത്രയെത്ര മനുഷ്യജന്മങ്ങളാ ഉള്ളത്? രോഗങ്ങളിൽ, വേദനകളിൽ... ഒരു ആശ്വാസവാക്ക് അവർക്കും അവകാശപ്പെട്ടതല്ലേ? ഇത്രയും നാൾ ഹൃദയത്തിന്റെ ആവനാഴിയിൽ ഒളിപ്പിച്ചുവച്ചിരുന്ന പ്രതികാരത്തിന്റെ അമ്പുകൾ ഒരവസരം വന്നപ്പോൾ ഒരുമിച്ച് എയ്യുവാൻമാത്രം മനുഷ്യത്വമറ്റവരായിപ്പോയോ നാമെന്ന പരിഷ്കൃതലോകം?

എന്തിനാണ് മനുഷ്യജീവിതത്തിൽ ദൈവം സഹനങ്ങൾ അനുവദിക്കുന്നത്? കാരണം, ചിലതൊക്കെ നീ ഇനിയും പഠിക്കാനുണ്ട്.

**ആത്മബന്ധങ്ങളുടെ ഊഷ്മാവളക്കുന്ന തെർമ്മോമീറ്ററാണ് സഹനം**: ഒരുപക്ഷേ നാമേറെ കരുതുന്നവരും, നമ്മെ ഉപേക്ഷിക്കില്ല എന്ന് നാം വ്യാമോഹിക്കുന്ന പലരും കൈവിടുവിച്ച് കുതറിയോടുന്ന നിമിഷങ്ങളാണ് സഹനങ്ങൾ. നമ്മുടെ സഹനങ്ങൾ ചിലപ്പോൾ അവന് ബാധ്യതയോ കടപ്പാടോ സൃഷ്ടിക്കാം. കൈ നനയാതെ മീൻ പിടിക്കാൻ ശ്രമിക്കുന്ന ഈ ലോകത്തിൽ ഒരു ബാധ്യത ഏറ്റെടുക്കുവാൻ ആരാണ് തയ്യാറാവുക?

മറ്റൊരു കൂട്ടരുണ്ട്... നാം അത്ര വില കൊടുക്കാതിരുന്ന ചില സൗഹൃദങ്ങൾ... അവർ കൂടെയെത്തും. 'സാരമില്ലെന്നേ...', 'എല്ലാം ശരിയാകും', 'ഞാൻ പ്രാർത്ഥിക്കുന്നുണ്ട്' എന്നൊക്കെ പറഞ്ഞ്... അവരിലൂടെയാണ് നമ്മുടെ പ്രതീക്ഷയ്ക്കുമപ്പുറം പ്രതീക്ഷിക്കുവാനുള്ള കൈത്തിരി ദൈവം വച്ചുനീട്ടുക. ചിലപ്പോളങ്ങനെയാ... നാം വലിച്ചെറിയുന്ന ഒരു തുണ്ടു പേപ്പറിനുപോലും നമ്മുടെ ജീവിതത്തിന്റെ ഏടുകളെ കോർത്തിണക്കാനാവും.

എല്ലാവരും കൈവിട്ട നേരങ്ങളിൽ കർത്താവിന്റെ കൂടെ നിന്നതും, പണ്ഡിതനും പ്രമാണിയും അന്നുവരെ അവന്റെ സ്നേഹം പിടിച്ചു പറ്റിയവരും ഒന്നുമായിരുന്നില്ല. പിന്നെയോ, പാപികളും ലോകം പുറംതള്ളിയവരുമൊക്കെയായിരുന്നു. ആരെയും ചവച്ചുതുപ്പേണ്ടന്നേ... ആവശ്യനേരത്ത് അരികിലെത്താൻ അവരേ കാണൂ.

**തമ്പുരാന്റെ നെഞ്ചിലെ ചൂടറിയുന്ന നിമിഷമാണ് സഹനങ്ങൾ**: ഒരുപാട് അനുഭവസമ്പത്തുള്ള ഒരമ്മയുടെ വാക്കുകൾ കടമെടുക്കട്ടെ... "കുഞ്ഞേ, സഹനങ്ങളുണ്ടാകുമ്പോൾ നീ സന്തോഷിക്കണം. കാരണം കർത്താവ് നിന്റെ കൂടെയുണ്ട്. നിനക്ക് സന്തോഷമാണുള്ളതെങ്കിൽ നീ ദുഃഖിക്കണം. കാരണം ദൈവം നിന്നോടൊപ്പമല്ല, വേറെങ്ങോ കരയുന്നവരുടെ കണ്ണീരൊപ്പാൻ അവൻ പോയിക്കഴിഞ്ഞു".

തിരുവചനം ഓർമ്മിപ്പിക്കുന്നതും ഇതൊക്കെതന്നെയല്ലേ? പരസ്യജീവിതത്തിലുടനീളം അവൻ ചെലവഴിച്ചതും മൂകനും അന്ധനും ബധിരനും തളർവാതരോഗിക്കും രക്തസ്രാവക്കാരിക്കും മധ്യേയാണ്. മനുഷ്യന്റെ വേദന അവനെ നൊമ്പരപ്പെടുത്തി. പാപങ്ങളുടെ ചുമടേറി വലഞ്ഞവർക്കുവേണ്ടി സ്വന്തം ചോരയും ഊറ്റിക്കൊടുത്തു.

യഥാർത്ഥത്തിൽ ജീവിതത്തിന്റെ ശാരീരിക മാനസിക രോഗങ്ങൾ, സഹനങ്ങൾ, ഒരുപക്ഷേ ഒരവസരമല്ലേ? ദൈവം നിന്നോടുകൂടെയുണ്ട് എന്നുറപ്പിക്കുന്ന അവസരങ്ങൾ?

**രക്ഷയുടെ കൈവഴികളാണ് സഹനങ്ങൾ:** നാം മാത്രമല്ല, പിന്നെയോ നാം വഴി രക്ഷ നേടേണ്ട അനേകരുണ്ട്. അത് നിന്റെ കുടുംബമാകാം, അയൽവാസിയാകാം, ഒരു സമൂഹമാകാം... എന്തുമാകട്ടെ, വേദനിക്കാതെ ഒരു പുതുജന്മവും ഈ ഭൂമിയിലുണ്ടായിട്ടില്ല. ഒരു പാപവും ചെയ്യാതിരുന്നിട്ടും എനിക്കും നിനക്കുംവേണ്ടി ജീവൻ വെടിഞ്ഞൊരു കർത്താവ് എന്റെ ജീവിതത്തിന്റെ അൾത്താരയിൽ മൂന്നാണികളിൽ തൂങ്ങിക്കിടക്കുമ്പോൾ എനിക്കെങ്ങനെ പറയാനാവും 'മുറിയാൻ എനിക്കു മനസ്സില്ലെന്ന്'? ഒന്നു ചീഞ്ഞാലല്ലേ മറ്റൊന്നിനു വളമാകൂ.

വിശ്വാസവും പരിശുദ്ധിയും നിറഞ്ഞുനില്ക്കുന്ന ഒരു കുടുംബത്തിന്റെ കെട്ടുറപ്പിന് എന്റെ സഹനങ്ങളുടെ ചാന്തുകൂടി ആവശ്യമെങ്കിൽ നാം എന്തിന് പിന്നോട്ടു പോകണം? ഒന്നുമാത്രം ആഗ്രഹിക്കാം, 'ദൈവമേ, നീ കൂടെയുണ്ടാവണം...'



# ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ

**സൗമ്യ കാഞ്ഞിരക്കാട്ട്**

**നാം** പലപ്പോഴും സുഗമമായ വഴിയിലൂടെ സഞ്ചരിക്കാൻ ഇഷ്ടപ്പെടുന്നവരാണ്. എന്നാൽ തിരുവചനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവാൻ പരിശ്രമിക്കുവിൻ" (ലൂക്കാ 13, 24). ഇന്നു മനുഷ്യൻ തന്റെ സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടി എന്തും ചെയ്യും. സ്വന്തം ലക്ഷ്യം നേടിയെടുക്കുവാൻ തടസ്സമായി നില്ക്കുന്ന എന്തിനെയും അവൻ നിഷ്പ്രയാസം ഇല്ലാതാക്കും. സത്യത്തിന്റെ നേരായ പാത കാണിച്ചുകൊടുക്കേണ്ട വരിൽ പലരും തങ്ങളുടെ നേട്ടത്തിനായി അധർമ്മത്തെ മുറുകെ പിടിക്കുന്നു. നിയമപാലകർ ഇന്ന് നിയമത്തെ വളച്ചൊടിക്കുന്നു. ജനങ്ങളുടെ ക്ഷേമം അന്വേഷിക്കേണ്ട ഭരണകർത്താക്കൾ തങ്ങളുടെ കീശ വീർപ്പിക്കാൻ നോക്കുന്നു. നേരിനെ പുറത്തു കൊണ്ടുവരേണ്ട മാധ്യമങ്ങൾ തങ്ങളുടെ പ്രസിദ്ധിക്കുവേണ്ടി വാർത്തകളെ വികൃതമാക്കുന്നു. ഇന്ന് നന്മ അന്യംനിന്നുപൊയ്ക്കൊണ്ടിരിക്കുന്നു. തിന്മ ഓരോ മനുഷ്യജീവിതത്തെയും കാർന്നുതിന്നാൻ വെമ്പൽകൊള്ളുന്നു.

ഇവിടെ സഭ നമ്മെ തിരിഞ്ഞുനോട്ടത്തിന്റെ ഒരു കാലത്തിലേക്കു വിളിക്കുകയാണ്. യഥാർത്ഥ ക്രൈസ്തവന്റെ ഉത്തരവാദിത്വവും വിശ്വാസവും എന്തായിരിക്കണമെന്ന് നാം അറി

യണം. ഈശോമിശിഹാ നമ്മെ മാനസാന്തരത്തിനായി ക്ഷണിക്കുന്നു. സത്യത്തിനുവേണ്ടി നിലകൊണ്ടു എന്ന കാരണത്താൽ ക്രൂശിക്കപ്പെട്ടവനാണ് 'സത്യ'മായ ഈശോ. തന്റെമേൽ ഈ ലോകത്തിന്റെ അധികാരികൾ കാർക്കിച്ചു തുപ്പിയപ്പോഴും മുൾമുടി അണിയിച്ചപ്പോഴും ചെങ്കുത്തായ നിരത്തിലൂടെ നടത്തിയപ്പോഴും കുരിശിൽ തറച്ചപ്പോഴും നിശബ്ദനായിരുന്നുകൊണ്ട്, 'ദൈവമേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല. ഇവരോടു ക്ഷമിക്കണമേ' എന്ന പ്രാർത്ഥന പിതാവിന്റെ പക്കൽ സമർപ്പിക്കുന്ന ഈശോ... ഇവിടെ വിദ്വേഷത്തിന്റെ ജ്വലനമില്ല; പ്രതികാരത്തിന്റെ ദാഹമില്ല; അഹങ്കാരത്തിന്റെ ആർത്തനാദമില്ല. എല്ലാം നിശബ്ദതയുടെ പ്രതിബിംബം മാത്രം. ഈലോക നേട്ടങ്ങൾ നേടിയെടുക്കാനായുള്ള നിന്റെ പ്രയാണത്തിൽ ആരെങ്കിലും 'അരുത്' എന്ന സ്വരമുയർത്തിയാൽ നിന്റെ പ്രതികരണമെന്തായിരിക്കും?

കാതോർക്കുക... അവിടുന്നു കടന്നുപോയ സഹനത്തിന്റെ പാത സ്വീകരിക്കാനാണ് അവിടുന്നു നമ്മെ വിളിച്ചിരിക്കുന്നത്. ഇടുങ്ങിയതും, കല്ലുകളും കുഴികളും നിറഞ്ഞതുമായ പാതയിലൂടെയുള്ള സഞ്ചാരം എപ്പോഴും ദുർഘടമായിരിക്കും. ഇങ്ങനെയുള്ള ജീവിതാനുഭവങ്ങളിലാണ് മിശിഹായുടെ കരം പിടിച്ച് അവിടുത്തെ കാലടികൾ നാം പിന്തുടരേണ്ടത്. ഈ യാത്രയിൽ 'ഞാൻ' എന്ന ഭാവമില്ല; സ്വാർത്ഥമോഹങ്ങളില്ല. എല്ലാം സ്നേഹമെന്ന ഒറ്റ വാക്കിൽ അടങ്ങിയിരിക്കുന്നു. പ്രായശ്ചിത്തത്തിന്റെയും പശ്ചാത്താപത്തിന്റെയും ഉൾവിളികൾ ശ്രവിക്കേണ്ട ഈ നോമ്പുകാലത്തിൽ, നമ്മുടെ സ്വാർത്ഥമോഹങ്ങളെ ഇല്ലാതാക്കി വിശാലമായ ലോകത്തിലേക്കു നയിക്കുന്ന ഇടുങ്ങിയ വാതിലിലൂടെ നമുക്കു പ്രവേശിക്കാം. ഇവിടെ സ്നേഹമായിരിക്കട്ടെ നമ്മുടെ മാർഗ്ഗദീപം.

''ഇതാണ് എന്റെ കല്പന. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല'' (യോഹ 15,12-13).



**"ഈശോനാഥാ, അങ്ങയുടെ വഴി ഇടുങ്ങിയതും ലോകത്തിനു നിന്ദ്യവുമാകയാൽ, ലോകത്തെ വെറുത്തുകൊണ്ട് അങ്ങയെ അനുകരിക്കാൻ കൃപ ചെയ്യണമേ. കുരിശിന്റെ ശുശ്രൂഷകൾമാത്രമേ പരമാനന്ദത്തിന്റെയും സത്യപ്രകാശത്തിന്റെയും മാർഗം കണ്ടെത്തുകയുള്ളൂ".**
**ക്രിസ്താനുകരണം**

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



**ഷിനി മുതുപ്ലാക്കൽ**

**ഒന്നാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, നിന്റെ തിരുക്കുമാരൻ നാല്പതു രാവും നാല്പതുപകലും ഉപവസിച്ചുകൊണ്ട് പൂർണ്ണമായും ദൈവ പിതാവിനോടൊത്തായിരുന്നതുപോലെ, പ്രാർത്ഥനയിലൂടെയും ഉപ വാസത്തിലൂടെയും ദൈവസന്നിധിയിലായിരിക്കുന്നതിനും അനുദിന ജീവിതത്തിനാവശ്യമായ ശക്തി സ്വീകരിക്കുന്നതിനും നീ ഞങ്ങൾക്കു വേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, ദാസന്റെ രൂപം സ്വീകരിച്ച് ശിഷ്യരുടെ പാദങ്ങൾ കഴുകി ക്കൊണ്ട് എളിമയുടെ മാതൃക കാട്ടിയ നിന്റെ തിരുക്കുമാരനെപ്പോലെ, എല്ലാവരെയും വലിയവരായി കാണുവാനും അവർക്കു ശുശ്രൂഷ ചെയ്യുവാനുമുള്ള കൃപയ്ക്കായി നീ ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, ഗത്സേമൻ തോട്ടത്തിൽ രക്തം വിയർത്തിട്ടും നിന്റെ പുത്രൻ ദൈവപിതാവിന്റെ ഹിതം പൂർണ്ണമനസ്സോടെ സ്വീകരിച്ചതുപോലെ, സഹനാനുഭവങ്ങളിൽ ദൈവത്തെ പഴിക്കാതെ ദൈവേഷ്ടം നിറവേറ്റാനുള്ള കൃപ ലഭിക്കാനായി നീ ഞങ്ങൾക്കു വേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, ഒറ്റിക്കൊടുക്കപ്പെട്ടിട്ടും തള്ളിപ്പറയപ്പെട്ടിട്ടും പ്രിയരെല്ലാം ഉപേക്ഷി ച്ചിട്ടും അതെല്ലാം ശാന്തതയോടെ നിന്റെ തിരുക്കുമാരൻ സ്വീകരിച്ചതുപോലെ, മനസ്സിലാക്ക പ്പെടാത്ത, ഒറ്റപ്പെടുത്തപ്പെടുന്ന സാഹചര്യങ്ങളിൽ ദൈവം കൂടെയുണ്ടെന്ന ബോധ്യത്തിൽ വളർന്നുവരുവാൻ നീ ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, കഠിനമായ പീഡകളിലൂടെ കടന്നുപോയ നിന്റെ തിരുക്കുമാ രനെ ഞങ്ങളുടെ സംസാരത്തിലൂടെയും പ്രവൃത്തികളിലൂടെയും മനോഭാവങ്ങളിലൂടെയും ഇനിയും വേദനിപ്പിക്കാതിരിക്കാനുള്ള, പരസ്പരസ്നേഹത്തിനു കുറവുവരുത്തുന്നതൊന്നും ഞങ്ങളിൽനിന്നുണ്ടാകാതിരിക്കാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്ക ണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



"നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി
അവൻ മുറിവേല്പ്പിക്കപ്പെട്ടു.
നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി
ക്ഷതമേല്പിക്കപ്പെട്ടു.
അവന്റെമേലുള്ള ശിക്ഷ
നമുക്കു രക്ഷ നല്കി;
അവന്റെ ക്ഷതങ്ങളാൽ
നാം സൗഖ്യം പ്രാപിച്ചു"
(ഏശ 53,5)

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th January 2021

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment




"സ്നേഹം മഞ്ഞുസമം നാഥാ
ഉറയുന്നതിനാൽ ഹൃദയതലം
ഫലശൂന്യം മമ മിശിഹായേ

സത്യം മാനസവേദിയിൽ നി-
ന്നകലെപ്പോയി വസിക്കുന്നു
എങ്കിലുമാ നൽ പ്രത്യാശ
മുറിയാനിടയാകുന്നില്ല

നീതി നിഷേധം നിൻ മുമ്പിൽ
ഞങ്ങളുയർത്തുന്നെന്നാലും
ശരണം നാഥാ നീ മാത്രം
മനുജകുലത്തിൻ ത്രാണകനും"

(നോമ്പുകാലം, ചൊവ്വ - എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O.,
Kottayam - 686 018, Printed at WiGi Printers, Manganam P.O.,
Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail.com and Published
at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail.com.
Editor : Fr. Mathew Vellanickal